സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2024 മാർച്ച് 26 ചൊവ്വ ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

താപനില 40 ഡിഗ്രി സെൽഷ്യസ് വരെ ഉയരാം; മാർച്ച് 30 വരെ പത്ത് ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് താപനില ഉയർന്നതോടെ മാർച്ച് 30 വരെ പത്ത് ജില്ലകളിൽ യെല്ലോ അലർട്ട്. തൃശൂർ, കൊല്ലം, പാലക്കാട്, പത്തനംതിട്ട, കോട്ടയം, എറണാകുളം, കണ്ണൂർ, ആലപ്പുഴ, മലപ്പുറം, കാസർഗോഡ് ജില്ലകളിലാണ് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ഉയർന്ന താപനില മുന്നറിയിപ്പ് നൽകിയത്. ഈ സീസണിൽ ഇത് ആദ്യമായാണ് താപനില 40 ഡിഗ്രി സെൽഷ്യസ് വരെ ഉയരാം എന്ന മുന്നറിയിപ്പ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം നൽകുന്നത്.

തൃശൂർ ജില്ലയിൽ ഉയർന്ന താപനില 40 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, പാലക്കാട് ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും ഉയരും. പത്തനംതിട്ട ജില്ലയിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം, എറണാകുളം, കണ്ണൂർ ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും ഉയരും. ആലപ്പുഴ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരും.

സാധാരണയേക്കാൾ 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് കൂടുതൽ താപനിലയാണിത്. അതേസമയം, വരുന്ന അഞ്ചുദിവസത്തേക്ക് തെക്കൻ ജില്ലകളിലും മധ്യകേരളത്തിലും വേനൽ മഴയ്ക്ക് സാധ്യതയുണ്ട്. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ ഇന്ന് വേനൽ മഴക്ക് സാധ്യതയുണ്ടെന്നും മുന്നറിയിപ്പ്

'വെറുതെ ആരോപണം ഉന്നയിക്കരുത്'

വി. ഡി സതീശനെതിരായ 150 കോടി അഴിമതി ആരോപണത്തിൽ കോടതി

തിരുവനന്തപുരം: പ്രതിപക്ഷ നേതാവ് വി.ഡി സതീശനെതിരെ പി.വി അൻവർ എം.എൽ.എ ഉയർത്തിയ 150 കോടിയുടെ അഴിമതിയാരോപണത്തിൽ തെളിവ് ആവശ്യപ്പെട്ട് കോടതി. ആരോപണത്തിൽ സ്വീകരിച്ച നടപടി അറിയിക്കാൻ വിജിലൻസിനു നിർദേശം നൽകി. തിരുവനന്തപുരം വിജിലൻസ് കോടതിയാണ് ഉത്തരവിറക്കിയത്. ആരോപണത്തിനു കൃത്യമായ തെളിവ് വേണമെന്നും വെറുതെ ആരോപണം ഉന്നയിച്ചിട്ട് കാര്യമില്ലെന്നും കോടതി വ്യക്തമാക്കി.

സംസ്ഥാന സർക്കാരിന്റെ കെ-റെയിൽ പദ്ധതി അട്ടിമറിക്കാൻ പ്രതിപക്ഷ നേതാവ് 150 കോടി രൂപ വാങ്ങിയെന്നായിരുന്നു പി.വി അൻവർ നിയമസഭയിൽ ആരോപിച്ചത്. ആരോപണത്തിൽ സതീശനെതിരെ കേസെടുക്കണമെന്ന് ആവശ്യപ്പെട്ട് കേരളാ കോൺഗ്രസ് എം നേതാവ് എ.എച്ച് ഹഫീസ് വിജിലൻസ് കോടതിയെ സമീപിക്കുകയായിരുന്നു. നേരത്തെ കേസിൽ പ്രാഥമികാന്വേഷണത്തിന് വിജിലൻസ് ഡയറക്ടർ ഉത്തരവിട്ടിരുന്നെങ്കിലും ഇത് പോരെന്ന് ചൂണ്ടിക്കാട്ടിയാണ് ഹഫീസ് ഹരജി നൽകിയത്.

ഹരജി പരിഗണിച്ച കോടതി പരാതിയിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാൻ വിജിലൻസിന് നിർദേശം നൽകുകയായിരുന്നു. ആരോപണത്തിന് വ്യക്തമായ തെളിവ് വേണമെന്ന് കോടതി ചൂണ്ടിക്കാട്ടി. വെറുതെ ആരോപണം ഉന്നയിച്ചിട്ട് കാര്യമില്ല. ലഭിച്ച പരാതിയുടെ നിജസ്ഥിതി അറിയിക്കണമെന്നും വിജിലൻസിനോട് കോടതി നിർദേശിച്ചിട്ടുണ്ട്.

'വിറ്റ സാധനങ്ങൾ തിരിച്ചെടുക്കില്ലെന്ന നിബന്ധന നിയമവിരുദ്ധം'; ഉപഭോക്തൃ തർക്ക പരിഹാര കോടതി

കൊച്ചി: വിറ്റ സാധനങ്ങൾ തിരിച്ചെടുക്കില്ല എന്ന നിബന്ധന വ്യാപാര സ്ഥാപനങ്ങളിലും ബില്ലുകളിലും പ്രദർശിപ്പിക്കുന്നത് 2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമം പ്രകാരം നിയമവിരുദ്ധമാണെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതി. എതിർ കക്ഷിയുടെ ബില്ലുകളിൽ നിന്ന് ഈ വ്യവസ്ഥ അടിയന്തരമായി നീക്കം ചെയ്യണമെന്നും കോടതി നിർദേശിച്ചു.എറണാകുളം, മുപ്പത്തടം സ്വദേശി സഞ്ജു കുമാർ, കൊച്ചിയിലെ സ്വിസ് ടൈം ഹൗസിനെതിരെ സമർപ്പിച്ച പരാതിയിലാണ് ഡി.ബി ബിനു അധ്യക്ഷനും വൈക്കം രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ചിന്റെ ഉത്തരവ്.'വിറ്റ സാധനങ്ങൾ തിരിച്ചെടുക്കില്ല'എന്ന ബോർഡ് വ്യാപാരസ്ഥാപനങ്ങളിലും ബില്ലുകളിലും പ്രദർശിപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സംസ്ഥാന ജിഎസ്ടി വകുപ്പിനും ലീഗൽ മെട്രോളജി വകുപ്പിനും കോടതി നിർദേശം നൽകി.

ജെസ്ന തിരോധാനക്കേസ്; കൂടുതൽ സമയം വേണമെന്ന് സി. ബി. ഐ

തിരുവനന്തപുരം: ജെസ്ന തിരോധാനക്കേസിൽ പിതാവിന്റെ ഹരജിയിൽ മറുപടി നൽകാൻ കൂടുതൽ സമയം വേണമെന്ന് സി.ബി.?ഐ. അന്വേഷണം തുടരണമെന്ന് ആവശ്യപ്പെട്ടുള്ള ഹരജിയിലാണ് കൂടുതൽ സമയം ചോദിച്ചത്. കേസ് അടുത്ത മാസം അഞ്ചിലേക്ക് മാറ്റി.

തിരുവനന്തപുരം സി.ജെ.എം കോടതിയാണ് ഹരജി പരിഗണിച്ചത്. അന്വേഷണം അവസാനിപ്പിക്കുന്നുവെന്ന് കാണിച്ച് സി.ബി.ഐ നൽകിയ ക്ലോഷർ റിപ്പോർട്ടിനെതിരെയാണ് പിതാവ് ഹരജി നൽകിയത്. ഹരജി നേരത്തെ കോടതി ഫയലിൽ സ്വീകരിച്ചിരുന്നു. ജെസ്നയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാക്കുന്ന ക്ലോഷർ റിപ്പോർട്ടാണ് സി.ബി.ഐ കോടതിയിൽ സമർപ്പിച്ചത്. ഇത് കണക്കിലെടുത്ത് അന്വേഷണം അവസാനിപ്പിക്കണമെന്നാണ് സി.ബി.ഐയുടെ വാദം.

മസാല ബോണ്ട് കേസ്: ഐസകിന്റെയും കിഫ്ബിയുടെയും ഹരജികൾ മാറ്റി, വേനലവധിക്കുശേഷം പരിഗണിക്കും

ഹരജി ഏപ്രിൽ ഒന്നിനു കോടതി വീണ്ടും പരിഗണിക്കും

കൊച്ചി: മസാല ബോണ്ട് കേസിൽ ഇ.ഡി സമൻസ് ചോദ്യംചെയ്തുള്ള തോമസ് ഐസകിന്റെയും കിഫ്ബിയുടെയും ഹരജികൾ മാറ്റി. വേനലവധിക്കു ശേഷമായിരിക്കും ഹരജി പരിഗണിക്കുകയെന്ന് ഹൈക്കോടതി അറിയിച്ചു. സമൻസ് എന്തിനാണെന്ന ഐസകിന്റെ ചോദ്യത്തിൽ മറുപടി സത്യവാങ്മൂലം സമർപ്പിച്ചെന്ന് ഇ.ഡി കോടതിയെ അറിയിച്ചു.

മസാല ബോണ്ട് ഇടപാടിലെ ഫെമ നിയമ ലംഘനങ്ങൾ തോമസ് ഐസക്കിന് അറിവുണ്ടായിരുന്നെന്ന് സംശയിക്കുന്നതായി ഇ.ഡി സത്യവാങ്മൂലത്തിൽ ആവർത്തിച്ചു. കിഫ്ബിയുടെ രേഖാമൂലമുള്ള മറുപടിയിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്. ഐസക്കിന്റെ മൊഴി എടുത്തെങ്കിൽ മാത്രമെ മറ്റ് ചിലർക്ക് സമൻസ് അയക്കാൻ കഴിയൂ. അന്വേഷണ നടപടികളിൽ കോടതി സ്റ്റേ അനുവദിക്കാത്തതുകൊണ്ടാണ് ഐസക്കിന് വീണ്ടും സമൻസ് അയച്ചത്. ഇ .ഡി നടപടികളിൽ നിന്നും ഒഴിഞ്ഞു മാറുന്ന ഐസക്ക് മാധ്യമങ്ങൾക്കു മുന്നിൽ കോടതിയേയും അധികാരികളെയും വെല്ലുവിളിക്കുന്നുവുന്നും ഇ.ഡി സത്യവാങ്മൂലത്തിൽ പറഞ്ഞു.

ജസ്റ്റിസ് ടി.ആർ. രവിയുടെ ബെഞ്ചാണ് ഹരജികൾ പരിഗണിച്ചത്. അന്വേഷണവുമായി കിഫ്ബി സഹകരിക്കുന്നുണ്ടല്ലോ എന്ന് കോടതി ചൂണ്ടിക്കാട്ടി. കോടതി ഉത്തരവ് പ്രകാരം അന്വേഷണവുമായി സഹകരിച്ചുവെന്ന് കിഫ്ബി അറിയിച്ചു. എന്തിനാണ് സമൻസ് അയച്ചതെന്ന് ഇ.ഡി വ്യക്തമാക്കണമെന്ന് ഐസക് ആവശ്യപ്പെട്ടു.

തുടർന്നാണ് വേനലവധിക്കു ശേഷം മെയ് 22ന് ഹരജി വീണ്ടും പരിഗണിക്കാൻ മാറ്റിയത്. ആ കാലയളവിനിടയിൽ അടിയന്തര സാഹചര്യമുണ്ടായാൽ ഹരജിക്കാർക്ക് കോടതിയെ സമീപിക്കാമെന്നും കോടതി അറിയിച്ചിട്ടുണ്ട്.സമൻസ് ചോദ്യംചെയ്തുള്ള ഐസകിന്റെ ഹരജി കോടതിയുടെ പരിഗണനയിലിരിക്കെ വീണ്ടും സമൻസ് അയച്ചത് എന്തിനാണെന്നായിരുന്നു ഐസക് ചോദിച്ചത്. കഴിഞ്ഞ തവണ ഐസകിന്റെ ഹരജി പരിഗണിക്കവെ ഇക്കാര്യം അറിയിക്കാൻ ഇ.ഡി കൂടുതൽ സാവകാശം തേടിയിരുന്നു. കിഫ്ബി സമർപ്പിച്ച രേഖകൾ പരിശോധിച്ചതിനുശേഷമാണ് പുതിയ സമൻസ് നൽകിയതെന്നാണ് ഇ.ഡിയുടെ വിശദീകരണം.

'സൗജന്യ മരുന്നും പരിശോധനകളും തുടരും'; കസ്റ്റഡിയിലിരുന്ന് ഉത്തരവിറക്കി കെജ്രിവാൾ

ദില്ലി: ഇഡി കസ്റ്റഡിയിലിരുന്ന് വീണ്ടും ഉത്തരവിറക്കി ദില്ലി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ. സൗജന്യ മരുന്നും, പരിശോധനകളും തുടരാൻ കെജ്രിവാൾ നിർദേശം നൽകിയെന്ന് മന്ത്രി സൗരവ് ഭരദ്വാജ് അറിയിച്ചു. ദില്ലിയിലെ ജനങ്ങൾക്കൊപ്പം എക്കാലവും ഉണ്ടാകുമെന്നും അവരുടെ ആരോഗ്യം എന്നും പ്രഥമ പരിഗണനയിലെന്ന് കെജ്രിവാൾ അറിയിച്ചുവെന്നും സൗരവ് ഭരദ്വാജ് പറഞ്ഞു.അതിനിടെ, അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റിനെതിരെ പ്രധാനമന്ത്രിയുടെ ഓഫീസ് വളഞ്ഞ് പ്രതിഷേധിച്ച എഎപി പ്രവർത്തകരും പൊലീസും തമ്മിൽ സംഘർഷമുണ്ടായി. വനിത പ്രവർത്തകരെ അടക്കമുള്ളവരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കി. പ്രധാനമന്ത്രിയുടെ വസതി വളയാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് പൊലീസ് മുന്നറിയിപ്പ് നൽകി. പ്രതിഷേധം തടയാൻ മുൻകരുതലുമായി പട്ടേൽ ചൗക്ക് മെട്രോ സ്റ്റേഷന് ചുറ്റും പൊലീസ് സന്നാഹം കൂട്ടി. പ്രധാനമന്ത്രിയുടെ വസതിക്ക് സമീപമുള്ള ലോക് കല്യാൺ മെട്രോ സ്റ്റേഷനും സെൻട്രൽ സെക്രട്ടറിയേറ്റ് മെട്രോ സ്റ്റേഷനും പ്രവർത്തകർ എത്തുന്നത് തടയാനായി അടച്ചു.

രേവന്ത് റെഡ്ഢി അടക്കമുള്ളവരുടെ ഫോൺ ചോർത്തി– ബി. ആർ. എസ് പ്രതിക്കൂട്ടിൽ

ഹൈദരാബാദ്: ഫോൺ ചോർത്തൽ വിവാദത്തിൽ പ്രതിക്കൂട്ടിലായി കെ. ചന്ദ്രശേഖർ റാവുവിന്റെ നേതൃത്വത്തിലുള്ള ഭാരത് രാഷ്ട്ര സമിതി. ചന്ദ്രശേഖർ റാവു സർക്കാരിന്റെ കാലത്ത് ഇപ്പോഴത്തെ മുഖ്യമന്ത്രിയായ രേവന്ത് റെഡ്ഢി അടക്കമുള്ള പ്രതിപക്ഷ നേതാക്കളുടെയും വ്യവസായികളുടെയും ഫോൺ ചോർത്തിയെന്ന വിവരമാണ് പുറത്തുവന്നിരിക്കുന്നത്.സംഭവത്തിൽ മുതിർന്ന ഉദ്യോഗസ്ഥരായ അഡീഷണൽ പൊലീസ് സൂപ്രണ്ട് ഭുജംഗ റാവു, അഡീഷണൽ പൊലീസ് സൂപ്രണ്ട് തിരുപതണ്ണ എന്നിവർ കുറ്റസമ്മതം നടത്തിയതായി പൊലീസ് അറിയിച്ചു. സംഭവവുമായി ബന്ധപ്പെട്ട് മൂന്ന് മുതിർന്ന പൊലീസ് ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നിലവിൽ അമേരിക്കയിലുള്ള സംസ്ഥാന ഇന്റലിജൻസ് ബ്യൂറോ മുൻമേധാവി ടി. പ്രഭാകർ റാവുവിന് നോട്ടീസ് അയച്ചിട്ടുണ്ട്. വൺ ന്യൂസ് ചാനൽ മേധാവി ശരവൺ റാവു, പൊലീസ് ഉദ്യോഗസ്ഥനായ രാധാ കിഷൻ റാവു എന്നിവർക്കും ലുക്കൗട്ട് നോട്ടീസ് അയച്ചിട്ടുണ്ട്. ആരോപണത്തോട് ബി.ആർ.എസ് പ്രതികരിച്ചിട്ടില്ല.

ഇസ്രായേലിൽനിന്ന് കേന്ദ്രത്തിന്റെ അനുമതിയില്ലാതെ വാങ്ങിയ ഉപകരണം വഴിയാണ് ഫോൺ രഹസ്യങ്ങൾ ചോർത്തിയത്. ഇതിന് 300 മീറ്റർ ചുറ്റളവിലുള്ള ഫോൺസംഭാഷണങ്ങൾ പിടിച്ചെടുക്കാൻ സാധിക്കും. സംസ്ഥാന ഇന്റലിജൻസിന്റെ സാങ്കേതിക കൺസൾട്ടന്റ് ആയിരുന്ന രവി പോൾ എന്ന വ്യക്തി രേവന്ത് റെഡ്ഡിയുടെ വീടിന് സമീപം ഒരു ഓഫീസ് സ്ഥാപിച്ച് ഫോൺ ടാപ്പിങ് ഉപകരണം സ്ഥാപിച്ചെന്നാണ് പൊലീസ് പറയുന്നത്.

പ്രതിപക്ഷ നേതാക്കൾക്ക് പുറമേ ജ്വല്ലറി ഉടമകൾ, ഭൂമിക്കച്ചവടക്കാർ, വ്യവസായികൾ തുടങ്ങി പലരും ഫോൺ ടാപ്പിങിന് ഇരകളായിട്ടുണ്ട്. ചോർത്തിയ വിവരങ്ങൾ ഉപയോഗിച്ച് പല വ്യവസായികളെയും ഭീഷണിപ്പെടുത്തി ബി.ആർ.എസിന്റെ പാർട്ടി ഫണ്ടിലേക്ക് വൻ തുക സംഭാവന ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഭീഷണിപ്പെടുത്തിയതായും റിപ്പോർട്ടുണ്ട്.

ഡൽഹി മദ്യനയക്കേസ്: കെ. കവിതയെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു

ഡൽഹി: ഡൽഹി മദ്യനയക്കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ഭാരത് രാഷ്ട്ര സമിതി നേതാവും തെലങ്കാന മുൻ മുഖ്യമന്ത്രി ചന്ദ്രശേഖരറാവുവിന്റെ മകളുമായ കെ. കവിതയെ കോടതി ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. ഡൽഹി കോടതി ഏപ്രിൽ 9 വരെ 14 ദിവസത്തേക്കാണ് കവിതയെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ട് ഉത്തരവിട്ടത്. ഇ.ഡി കസ്റ്റഡി കാലാവധി അവസാനിച്ചതോടെയാണ് കോടതി നടപടി. ഇതൊരു രാഷ്ട്രീയ വെളുപ്പിക്കൽ കേസാണെന്നും കള്ളപ്പണ വെളുപ്പിക്കൽ കേസല്ലെന്നും ശക്തമായി പോരാടുമെന്നും കവിത കോടതിയിൽ മാധ്യമങ്ങളോടായി പറഞ്ഞു.

മകന്റെ പരീക്ഷ ചൂണ്ടിക്കാട്ടി കവിത നൽകിയ ജാമ്യ ഹരജി ഏപ്രിൽ ഒന്നിന് പരിഗണിക്കും. മദ്യനയക്കേസുമായി ബന്ധപ്പെട്ട കള്ളപ്പണ ആരോപണത്തിൽ മാർച്ച് 15 ന് വൈകീട്ടാണ് കവിതയെ ഇ.ഡി അറസ്റ്റ് ചെയ്തത്. ആദായ നികുതി വകുപ്പ് ഹൈദരാബാദിലെ കവിതയുടെ വീട്ടിൽ പരിശോധന നടത്തിയതിനു തൊട്ടു പിന്നാലെയായിരുന്നു ഇ.ഡിയുടെ അറസ്റ്റ്.

തന്റെ അറസ്റ്റിനെ ചോദ്യം ചെയ്തുള്ള കവിതയുടെ ഹർജിയിൽ സുപ്രീം കോടതി നോട്ടീസ് പുറപ്പെടുവിക്കുകയും ജാമ്യത്തിനായി വിചാരണ കോടതിയെ സമീപിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഡൽഹി മദ്യനയത്തിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളും ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുമായും കവിത ഗൂഢാലോചന നടത്തിയെന്നും ഇതിൽ 100 കോടിയോളം കവിതക്ക് കൈമാറിയെന്നുമാണ് ഇ.ഡിയുടെ കണ്ടെത്തൽ. കവിതയുടെ അറസ്റ്റിന് പിന്നാലെ അരവിന്ദ് കെജ്രിവാളിനെയും ഇ.ഡി കസ്റ്റഡിയിലെടുത്തിരുന്നു.

കുടിവെള്ളം മറിച്ച് വിറ്റു, ബെംഗളുരുവിൽ സ്വകാര്യ ടാങ്കർ ഡ്രൈവർക്കെതിരെ കേസ്

ബെംഗളുരു: വരൾച്ച രൂക്ഷമായി തുടരുന്നതിനിടെ വാണിജ്യ സ്ഥാപനത്തിന് വെള്ളം മറിച്ച് വിറ്റ സ്വകാര്യ ടാങ്കർ ഡ്രൈവർക്കെതിരെ കേസ്. ജല പ്രതിസന്ധി രൂക്ഷമായി തുടരുന്നതിനിടെ ടാങ്കറുകൾ ജലവിതരണം ഏൽപ്പിച്ചതിന് പിന്നാലെയാണ് സംഭവം. ബാംഗ്ലൂർ വാട്ടർ സപ്ലൈ ആൻഡ് മലിനജല ബോർഡാണ് ഡ്രൈവർക്കെതിരെ കേസ് എടുത്തത്.

കുടിവെള്ള ടാങ്കർ ഡ്രൈവറായ സുനിലിനെതിരെ ബലഗുണ്ടെ സ്റ്റേഷനിലാണ് ബാംഗ്ലൂർ വാട്ടർ സപ്ലൈ ആൻഡ് മലിനജല ബോർഡ് പരാതി നൽകിയത്.

ജലക്ഷാമം രൂക്ഷമായ 130 വാർഡിലേക്ക് വെള്ളം എത്തിക്കേണ്ട ടാങ്കർ ഡ്രൈവറായിരുന്നു സുനിൽ. എന്നാൽ ടാങ്കറിൽ വെള്ളം നിറച്ശേഷം മറ്റൊരു വാർഡിലെ സ്വകാര്യ സ്ഥാപനത്തിന് വെള്ളം വിൽക്കുകയായിരുന്നു ഇയാൾ ചെയ്തത്. മാർച്ച് 24നായിരുന്നു സംഭവം. സംഭവം വിവാദമായതിന് പിന്നാലെ ടാങ്കർ ബാംഗ്ലൂർ വാട്ടർ സപ്ലൈ ആൻഡ് മലിനജല ബോർഡ് അധികൃതർ പിടിച്ചെടുത്തു. വെള്ളം ദുരുപയോഗം ചെയ്യുന്നത് കണ്ടെത്തിയാൽ സ്വകാര്യ കുടിവെള്ള ടാങ്കറുകൾക്കെതിരെയും നടപടി കർശനമാകുമെന്ന് ബാംഗ്ലൂർ വാട്ടർ സപ്ലൈ ആൻഡ് മലിനജല ബോർഡ് വിശദമാക്കി.

യു. പിയിൽ ഹോളി ആഘോഷത്തിനിടെ അയൽവാസികൾ ഏറ്റുമുട്ടി; ഒരാൾ കൊല്ലപ്പെട്ടു, എട്ടു പേർക്ക് പരിക്ക്

ലഖ്നൗ: ഉത്തർപ്രദേശിലെ ജൗൻപൂർ ജില്ലയിൽ ഹോളി ആഘോഷത്തിനിടെ അയൽക്കാർ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ ഒരാൾ കൊല്ലപ്പെട്ടു. നന്ദ് കിഷോർ എന്നയാളാണ് കൊല്ലപ്പെട്ടത്. മായ് ഗ്രാമത്തിൽ തിങ്കളാഴ്ച നടന്ന ഹോളി ആഘോഷങ്ങളാണ് കൊലപാതകത്തിൽ കലാശിച്ചത്. അയൽവാസികളായ ധരംരാജ് പട്ടേലിന്റെയും നന്ദ് ലാലിന്റെയും കുടുംബങ്ങൾ തമ്മിലാണ് ഏറ്റുമുട്ടിയത്.

ആളുകൾ നൃത്തം ചെയ്യുന്നത് നന്ദ്‌ലാലിന്റെ മകൻ വീഡിയോയിൽ പകർത്തുന്നത് ധരംരാജ് പട്ടേൽ തടഞ്ഞതിനെ ചൊല്ലിയാണ് തർക്കം ആരംഭിച്ചതെന്ന് പൊലീസ് പറയുന്നു. ഈ സമയത്ത് ഭൂരിഭാഗം പേരും മദ്യലഹരിയിലായിരുന്നെന്ന് പൊലീസിനെ ഉദ്ധരിച്ച് ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്യുന്നു. തുടർന്ന് പ്രദേശവാസികൾ ഇടപെടുകയു ചെയ്തു. ഇരുവീട്ടുകാരും തർക്കം അവസാനിപ്പിച്ച് മടങ്ങിയെങ്കിലും ധരംരാജ് പട്ടേലും കുടുംബവും നന്ദ് ലാലിന്റെ വസതിയിലേക്ക് എത്തുകയും വടികളും മറ്റ് ആയുധങ്ങളും ഉപയോഗിച്ച് ക്രൂരമായ ആക്രമണം നടത്തിയതായി പൊലീസ് പറഞ്ഞു.വിവരമറിഞ്ഞ് പൊലീസ് സ്ഥലത്തെത്തിയെങ്കിലും അക്രമികൾ ഓടി രക്ഷപ്പെട്ടിരുന്നു. പരിക്കേറ്റവരെ പൊലീസ് ആശുപത്രിയിലേക്ക് എത്തിച്ചെങ്കിലും നന്ദ് ലാലിന്റെ ബന്ധുവായ നന്ദ് കിഷോർ മരിക്കുകയായിരുന്നു. നന്ദ് കിഷോറിന്റെ ഭാര്യ സുശീലാ ദേവിയും സഹോദരൻ നന്ദ് പട്ടേലും എന്നിവർക്കും പരിക്കേറ്റു. ഗുരുതരമായി പരിക്കേറ്റ നന്ദ് ലാലിനെ വാരണാസിയിലെ ആശുപത്രിയിലേക്ക് മാറ്റി, പരിക്കേറ്റ മറ്റുള്ളവർ ജൗൻപൂരിലെ ആശുപത്രിയിൽ ചികിത്സയിലാണ്.നന്ദ് ലാലിന്റെ മകൻ മുകേഷ് പട്ടേലിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ റാംപൂർ പൊലീസ് ആറു പേർക്കെതിരെ കേസെടുത്തു.

ആറ് പേരെയും പൊലീസ് അറസ്റ്റ് ചെയ്തതായി അഡീഷണൽ പൊലീസ് സൂപ്രണ്ട് ശൈലേന്ദ്ര കുമാർ സിംഗ് പറഞ്ഞു. അക്രമികൾ ഉപയോഗിച്ച ആയുധങ്ങൾ കണ്ടെടുത്തതായും പൊലീസ് അറിയിച്ചു.

പൗരത്വ നിയമത്തിനെതിരെ യു. എസ് മതസ്വാതന്ത്ര്യ കമ്മീഷൻ

ഇന്ത്യൻ സർക്കാർ കൊണ്ടുവന്ന പൗരത്വ ഭേദഗതി നിയമത്തിനെതിരെ അന്താരാഷ്ട്ര മതസ്വാതന്ത്ര്യത്തിനായുള്ള യു.എസ് കമ്മീഷൻ(യു.എസ്.സി.ഐ.ആർ.എഫ്). മതത്തിന്റെയോ വിശ്വാസത്തിന്റെയേ അടിസ്ഥാനത്തിൽ ആർക്കും പൗരത്വം നിഷേധിക്കപ്പെടരുതെന്ന് ചൂണ്ടിക്കാട്ടിയാണ് യു.എസ് കമ്മീഷൻ വിമർശനമുന്നയിച്ചത്.

ഇന്ത്യയിൽ അഭയം തേടുന്നവർക്കിടയിൽ സി.എഎ മതം കൊണ്ടുവരുന്നുവെന്നും നിയമം മുസ്‌ലിംകളെ പുറത്തുനിർത്തുന്നുവെന്നും യു.എസ് മതസ്വാതന്ത്ര്യ കമ്മീഷണർ സ്റ്റീഫൻ ഷ്നക്ക് തിങ്കളാഴ്ച പുറത്തുവിട്ട പ്രസ്താവനയിൽ കുറ്റപ്പെടുത്തി.

പീഡിപ്പിക്കപ്പെടുന്ന മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കാനാണ് നിയമം യഥാർത്ഥത്തിൽ ലക്ഷ്യമിടുന്നതെങ്കിൽ, അതിൽ ബർമ്മ(മ്യാന്മർ)യിൽ നിന്നുള്ള റോഹിങ്ക്യൻ മുസ്‌ലിംകളും പാകിസ്താനിൽ നിന്നുള്ള അഹമ്മദിയ മുസ്‌ലിംകളും അഫ്ഗാനിസ്ഥാനിൽ നിന്നുള്ള ഹസാരഷിയയും ഉൾപ്പെടുമായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇന്ത്യയിലെ മതസ്വാതന്ത്ര്യ പ്രശ്നങ്ങൾ തുറന്നുകാട്ടുന്നത് തുടരാനും ഭരണകൂട പ്രതിനിധികളുമായുള്ള ചർച്ചകളിലും പ്രധാനമായി കോൺഗ്രസ് പ്രതിനിധികളുമായുള്ള ചർച്ചകളിലും മതസ്വാതന്ത്ര്യം ഉൾപ്പെടുത്താനും കോൺഗ്രസ് അംഗങ്ങളോട് യു.എസ്.സി.ഐ.ആർ.എഫ് അഭ്യർത്ഥിച്ചു.

ശ്രീലങ്കയിൽനിന്നുള്ള തമിഴ് അഭയാർത്ഥികളും ചൈനയിൽ നിന്നുള്ള ഉയ്ഗൂർ, തുർക്കിക് മുസ്‌ലിംകളും അടക്കം മുസ്‌ലിം ഇതര ഭൂരിപക്ഷ രാജ്യങ്ങളിൽ നിന്ന് പലായനം ചെയ്യുന്നവർ പൗരത്വം നിയമത്തിൽ ഉൾപ്പെടുന്നില്ലെന്നും പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

'സിഎഎ നിയമം പാസാക്കി വന്ന് നാല് വർഷത്തിലേറെയായി, ഉമർ ഖാലിദ്, ഷർജീൽ ഇമാം, മീരാൻ ഹൈദർ തുടങ്ങി നിരവധി വിദ്യാർഥി ആക്ടിവിസ്റ്റുകൾ സമാധാനപരമായി പ്രതിഷേധിച്ചതിന് നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ (യു.എ.പി.എ) നിയമപ്രകാരം ഇപ്പോഴും ജയിലിൽ കഴിയുന്നു'വെന്ന് യു.എസ്.സി.ഐ.ആർ.എഫ്. കമ്മീഷണർ ഡേവിഡ് കറി ചൂണ്ടിക്കാട്ടി. മതന്യൂനപക്ഷങ്ങൾക്കുവേണ്ടി വാദിച്ചതിന് ഏകപക്ഷീയമായി തടവിലാക്കിയ മനുഷ്യാവകാശ പ്രവർത്തകരെ മോചിപ്പിക്കാൻ ഇന്ത്യൻ അധികൃതരോട് ആവശ്യപ്പെടണമെന്നും യു.എസ്.സി.ഐ.ആർ.എഫ് യുഎസ് ഭരണകൂടത്തോട് അഭ്യർത്ഥിച്ചു.

2019 ഡിസംബർ 11-നാണ് ഇന്ത്യൻ പാർലമെന്റ് പൗരത്വനിയമം പാസാക്കിയത്. 2024 മാർച്ച് 11ന് പൗരത്വഭേദഗതി നിയമം കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിജ്ഞാപനം ചെയ്യുകയും ചെയ്തു. 2014 ഡിസംബർ 31ന് മുമ്പ് രാജ്യത്തെത്തിയ പാകിസ്താൻ, അഫ്ഗാനിസ്താൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽനിന്നുള്ള ഹിന്ദു, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി മതക്കാർക്കാണ് പൗരത്വ നിയമപ്രകാരം ഇന്ത്യൻ പൗരത്വം നൽകുക. 2021ലെ പട്ടാള അട്ടിമറിയെത്തുടർന്ന് മ്യാന്മറിൽ നിന്നെത്തിയ അഭയാർഥികളെ നാടുകടത്താൻ ഇന്ത്യൻ സർക്കാർ നീക്കം നടത്തുകയാണ്. ഈ സാഹചര്യത്തിൽ കൂടിയാണ് 2014 ഡിസംബർ 31-ന് മുമ്പ് പാകിസ്താൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നെത്തിയവർക്ക് മാത്രം പൗരത്വം കൊടുക്കുന്നത്.

എന്നാൽ

എറണാകുളത്ത് പ്രചാരണരംഗം സജീവമാകുന്നു; ഹൈബിയും ഷൈനും ഏറെ മുന്നിൽ

കൊച്ചി: എറണാകുളത്ത് ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണരംഗം സജീവമാകുന്നു. യു.ഡി.എഫ് സ്ഥാനാർഥി ഹൈബി ഈഡനും എൽ.ഡി.എഫ് സ്ഥാനാർഥി കെ.ജെ ഷൈനും പ്രചാരണരംഗത്ത് ഏറെ മുന്നിലാണ്. ബി.ജെ.പി സ്ഥാനാർഥി കൂടി എത്തിയതോടെ എറണാകുളം മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം ഏറെക്കുറെ സജീവമായിരിക്കുകയാണ്.

യു.ഡി.എഫ് സ്ഥാനാർഥി ഹൈബി ഈഡൻ രണ്ടാംഘട്ട പ്രചാരണത്തിലേക്ക് കടന്നു. പ്രധാന കേന്ദ്രങ്ങളിലെ പര്യടനവും കൺവെൻഷനുകളുമായി തിരക്കിലാണ് ഹൈബി. ആദ്യം സ്ഥാനാർഥിയെ പ്രഖ്യാപിച്ച എൽ.ഡി.എഫ്, നിയോജകമണ്ഡലം കൺവെൻഷനുകൾ പൂർത്തിയാക്കി കുടുംബയോഗങ്ങളും റോഡ് ഷോകളും തുടരുകയാണ്.

പ്രധാന കേന്ദ്രങ്ങളിലെത്തി വോട്ട് ചോദിച്ചുള്ള ഹൈബി ഈഡന്റെ പര്യടനം തുടരുകയാണ്. സമാന്തരമായി തെരഞ്ഞെടുപ്പ് കൺവെൻഷനുകളും നടക്കുന്നുണ്ട്. തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസുകൾ സജ്ജീകരിച്ച് സ്ഥാനാർഥിക്കുള്ള കാത്തിരിപ്പിലായിരുന്നു ബി.ജെ.പി ക്യാംപ്. ഡോ. കെ.എസ് രാധാകൃഷ്ണൻ പ്രചാരണം ആരംഭിച്ചതോടെ ബി.ജെ.പി പ്രവർത്തകരും സജീവമായി. ട്വന്റി20 സ്ഥാനാർഥി ആൻറണി ജൂഡിയും പ്രചാരണരംഗത്തുണ്ട്. വോട്ടെടുപ്പിന് ഇനിയും ഒരു മാസം ബാക്കിനിൽക്കുന്നതിനാൽ രാഷ്ട്രീയ പാർട്ടികളുടെ പ്രചാരണ പരിപാടികൾ അൽപം മന്ദഗതിയിലാകാനുമിടയുണ്ട്.

ശ്രീനാരായണ ഗുരു ഓപൺ യൂനി. വി.സി മുബാറക് പാഷയുടെ രാജി ഗവർണർ അംഗീകരിച്ചു

തിരുവനന്തപുരം: ശ്രീനാരായണ ഗുരു ഓപൺ സർവകലാശാല വി.സി മുബാറക് പാഷയുടെ രാജി ഗവർണർ അംഗീകരിച്ചു. വി.പി ജഗതിരാജിനെ പുതിയ വൈസ് ചാൻസലറായി നിയമിച്ചേക്കും. നേരത്തെ, ഗവർണർ വിളിച്ച വി.സിമാരുടെ യോഗത്തിൽ പാഷ പങ്കെടുത്തിരുന്നില്ല. ഇതിനുമുൻപ് തന്നെ രാജി സമർപ്പിക്കുകയായിരുന്നു.

ചട്ടവിരുദ്ധമായി നിയമനം നേടിയെന്നു കാണിച്ചായിരുന്നു ഗവർണർ സംസ്ഥാനത്തെ വിവിധ സർവകലാശാലാ വി.സിമാർക്ക് കാരണം കാണിക്കൽ നോട്ടിസ് നൽകിയത്. കാലിക്കറ്റ്, സംസ്കൃത, ഡിജിറ്റൽ സർവകലാശാല വി.സിമാർക്കായിരുന്നു നോട്ടിസ് ലഭിച്ചത്. രാജ്ഭവനിൽ ഹിയറിങ്ങിന് ഹാജരാകാനും ആവശ്യപ്പെട്ടിരുന്നു.

ഡിജിറ്റൽ യൂനിവേഴ്സിറ്റി വി.സി സജി ഗോപിനാഥും കാലിക്കറ്റ്-സംസ്കൃത വി.സിമാർക്ക് വേണ്ടി അഭിഭാഷകരും നേരിട്ട് ഹിയറിങ്ങിനു ഹാജരായിരുന്നു. എന്നാൽ, മുബാറക് പാഷ ഹിയറിങ്ങിൽനിന്നു വിട്ടുനിന്നു. ചാൻസലർ കൂടിയായ ഗവർണർക്ക് രാജിക്കത്ത് സമർപ്പിക്കുകയും ചെയ്തു. എന്നാൽ, രാജി ഗവർണർ അംഗീകരിച്ചിരുന്നില്ല.

സിദ്ധാർഥന്റെ മരണം: ചതിക്കപ്പെട്ടെന്ന് പിതാവ്; അന്വേഷണം സി.ബി.ഐയ്ക്കു കൈമാറുന്നതിൽ സർക്കാരിന് വീഴ്ച

തിരുവനന്തപുരം: പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ സിദ്ധാർഥന്റെ മരണത്തിൽ അന്വേഷണം വഴിമുട്ടിയിരിക്കുകയാണെന്ന് പിതാവ് ജയപ്രകാശ്. തിരുവനന്തപുരം കന്റോൺമെന്റ് ഹൗസിൽ പ്രതിപക്ഷ നേതാവ് വി.ഡി സതീശനുമായി കൂടിക്കാഴ്ച നടത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. എസ്.എഫ്.ഐ നേതൃത്വത്തിന്റെ അറിവോടെയാണ് കൊലപാതകം നടന്നതെന്നും മുഖ്യമന്ത്രിയെ ഇനി കാണാൻ ആലോചനയില്ലെന്നും ജയപ്രകാശ് പറഞ്ഞു. അതിനിടെ, സിദ്ധാർഥന്റെ മരണത്തിൽ അന്വേഷണ ശിപാർശ കൈമാറുന്നതിൽ സർക്കാരിനു വീഴ്ച സംഭവിച്ചെന്ന് റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്.

തനിക്ക് വിശ്വാസമുള്ളതുകൊണ്ടാണ് പ്രതിപക്ഷ നേതാവിനെ കണ്ടതെന്ന് ജയപ്രകാശ് മാധ്യമങ്ങളോട് പറഞ്ഞു. ഭരണകക്ഷിയുടെ അടുത്തു പോയാൽ എന്താകുമെന്ന് അറിയാമല്ലോ!? എസ്.എഫ്.ഐ നേതൃത്വത്തിന്റെ അറിവോടെയാണ് കൊലപാതകം നടന്നത്. ഇക്കാര്യത്തിൽ അന്വേഷണം വൈകുന്ന കാര്യമാണ് പ്രതിപക്ഷ നേതാവിനെ അറിയിച്ചത്. മുഖ്യമന്ത്രിയെ ഇനി കാണാൻ ആലോചനയില്ല. താൻ ചതിക്കപ്പെട്ടോയെന്ന് സംശയമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അന്വേഷണം സി.ബി.ഐ ഇതുവരെ ഏറ്റെടുത്തിട്ടില്ല. അന്വേഷണം കൈമാറാൻ വിജ്ഞാപനം ഇറക്കിയതുകൊണ്ട് മാത്രമായില്ല. മുഖ്യമന്ത്രി പറഞ്ഞു പറ്റിച്ചെന്നല്ല. പക്ഷെ, ചതിക്കപ്പെട്ടുവെന്ന തോന്നലുണ്ട്. സംഭവത്തിൽ തന്റെയും കുടുംബത്തിന്റെയും വായ് മൂടിക്കെട്ടിയെന്നും അദ്ദേഹം ആരോപിച്ചു. കേസിൽ കൊലയാളികളെ രക്ഷിച്ചെടുക്കാൻ സർക്കാരും സി.പി.എമ്മും ശ്രമിക്കുന്നുവെന്ന് വി.ഡി സതീശൻ ആരോപിച്ചു. കേസ് അട്ടിമറിക്കാനുള്ള നീക്കം ചെറുക്കുമെന്നും അദ്ദേഹം പറഞ്ഞു.

അതിനിടെ, സിദ്ധാർഥന്റെ മരണത്തിൽ അന്വേഷിക്കാനുള്ള ശിപാർശ സി.ബി.ഐയ്ക്കു കൈമാറുന്നതിൽ സർക്കാരിന് വീഴ്ച പറ്റിയെന്നു വ്യക്തമാകുകയാണ്. വിജ്ഞാപനം കൈമാറിയെങ്കിലും പെർഫോമ റിപ്പോർട്ട് കൈമാറാൻ വൈകുകയാണ്. കേസിന്റെ നാൾവഴി ഉൾപ്പെടുന്ന റിപോർട്ടാണ് പെർഫോമ. ഈ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ സി.ബി.ഐ കേസ് പരിഗണിക്കൂ. ഈ മാസം ഒൻപതിന് ഇറക്കിയ വിജ്ഞാപനം കൈമാറിയത് 16നാണ്. നടപടി വിവാദമായതോടെ റിപ്പോർട്ട് കൈമാറാൻ ശ്രമം തുടങ്ങിയിരിക്കുകയാണണു സർക്കാർ.

പത്തനംതിട്ട ജില്ലാ സെക്രട്ടറിയേറ്റിൽ കൈയാങ്കളി: വാർത്തകൾ നിഷേധിച്ച് സി.പി.എം

പത്തനംതിട്ട: ജില്ലാ സെക്രട്ടറിയേറ്റ് യോഗത്തിൽ വാക്കുതർക്കവും കൈയേറ്റവുമുണ്ടായെന്ന വാർത്തകൾ തള്ളി സി.പി.എം നേതൃത്വം. വാർത്ത ഓരോരുത്തരുടെ ഭാവനയാണെന്ന് യോഗത്തിൽ പങ്കെടുത്ത മന്ത്രി വി.എൻ വാസവൻ പറഞ്ഞു.

ഇടതുമുന്നേറ്റം ചെറുക്കാനായി യു.ഡി.എഫിനു വേണ്ടി ചമച്ചതാണ് വാർത്തയെന്ന് സി.പി.എം നേതാവ് കെ.പി ഉദയഭാനു വിമർശിച്ചു.

പത്തനംതിട്ട ജില്ലാ കമ്മിറ്റിയിൽ കൈയാങ്കളി നടന്നെന്നത് അടിസ്ഥാനരഹിതമായ വാർത്തയാണെന്ന് വാസവൻ പ്രതികരിച്ചു. അതൊക്കെ ഓരോരുത്തരുടെ ഭാവനയാണ്. പത്തനംതിട്ട സി.പി.എമ്മിൽ പ്രശ്നമില്ലെന്നും മന്ത്രി വ്യക്തമാക്കി.

യോഗത്തിൽ തർക്കം നടന്നിട്ടില്ലെന്ന് ജില്ലാ സെക്രട്ടറിയേറ്റ് അംഗം എ. പത്മകുമാർ പറഞ്ഞു. ഒരു തർക്കവും ഉണ്ടായിട്ടില്ല. തെരഞ്ഞെടുപ്പ് പ്രചാരണം മികച്ച രീതിയിൽ നടക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇടതുമുന്നേറ്റം ചെറുക്കാനുള്ള ബോധപൂർവമായ ശ്രമത്തിന്റെ ഭാഗമാണെന്ന് ഉദയഭാനു പറഞ്ഞു. യു.ഡി.എഫിനു വേണ്ടി ചമച്ച വാർത്തയാണെന്നും അദ്ദേഹം ആരോപിച്ചു.

കഴിഞ്ഞ ദിവസം നടന്ന സി.പി.എം പത്തനംതിട്ട ജില്ലാ സെക്രട്ടറിയേറ്റ് യോഗത്തിൽ വാക്കേറ്റവും കൈയാങ്കളിയും നടന്നെന്നാണ് റിപ്പോർട്ടുണ്ടായിരുന്നത്. പത്തനംതിട്ടയിലെ തെരഞ്ഞെടുപ്പു പ്രവർത്തനം പോരെന്നു വിമർശനം ഉയർന്നതിനു പിന്നാലെയാണ് രൂക്ഷമായ തർക്കമുണ്ടായത്. രണ്ട് ജില്ലാ സെക്രട്ടറിയേറ്റ് അംഗങ്ങളാണ് നേർക്കുനേർ പോരടിച്ചത്. കൂട്ടത്തിൽ മുതിർന്ന നേതാവ് സി.പി.എം നേതൃത്വത്തോട് രാജി ഭീഷണി മുഴക്കുകയും ചെയ്തു.

തോമസ് ഐസകിനു വേണ്ടിയുള്ള തെരഞ്ഞെടുപ്പു പ്രവർത്തനത്തിന്റെ പേരിലായിരുന്നു തർക്കം. ഇന്നലെ മന്ത്രി വി.എൻ വാസവൻ ഉൾപ്പെടെ പങ്കെടുത്ത യോഗത്തിലാണു കൈയാങ്കളിയുണ്ടായത്.

ഐസകിന്റെ പ്രചാരണത്തിൽ നിന്ന് ചില നേതാക്കൾ വിട്ടുനിൽക്കുന്നുവെന്നും പ്രചാരണം വേണ്ടത്ര പോരെന്നും ആറന്മുള ഭാഗത്തുനിന്നുള്ള സെക്രട്ടറിയേറ്റ് അംഗം ആരോപിച്ചു. ഇത് അടൂരിൽനിന്നുള്ള സെക്രട്ടറിയേറ്റ് അംഗം എതിർത്തു. ഇതോടെയാണു വാക്കുതർക്കത്തിലേക്കും കൈയാങ്കളിയിലേക്കും നീളുകയായിരുന്നു.

'ആരോഗ്യസ്ഥിതി മോശം; ആരോഗ്യ വകുപ്പിനെതിരെ വീണ്ടും ഹർഷിന

കോഴിക്കോട്: ശസ്ത്രക്രിയക്കിടെ വയറ്റിൽ കത്രിക കുടുങ്ങിയതിൽ ആരോഗ്യ വകുപ്പിനെതിരെ വീണ്ടും ആരോപണവുമായി ഹർഷിന. സർക്കാരും ആരോഗ്യ മന്ത്രിയും കൂടെയുണ്ട് എന്ന് പറയുന്നതല്ലാതെ മറ്റ് നടപടികൾ ഒന്നും ഉണ്ടാകുന്നില്ല. തുടർ ചികിത്സ സൗജന്യമാക്കണം എന്നാണ് ഹർഷിനയുടെ ആവശ്യം.

കഴിഞ്ഞ ദിവസം കടുത്ത വയറുവേദനയെ തുടർന്ന് ഹർഷിന ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു. ശാരീരികാവസ്ഥ ഇപ്പോഴും വളരെ മോശമാണെന്ന് ഹർഷിന പറയുന്നു. ഓരോ തവണയും തുടർ ചികിത്സക്കായി വലിയ സാമ്പത്തിക ചെലവ് ഉണ്ടാകുന്നു. കുടുംബത്തിൻറെ വരുമാനം പൂർണമായും നിലച്ച അവസ്ഥയിലാണെന്നും ഹർഷിന പറയുന്നു. തുടർചികിത്സ സൗജന്യമാക്കണം എന്നാണ് ഹർഷിനയുടെ ആവശ്യം.

അഞ്ചു ലക്ഷത്തിന് സ്വർണത്തിന് പകരം മുക്കുപണ്ടം നൽകിയതിൻറെ വൈരാഗ്യം

ആലുവ തട്ടിക്കൊണ്ടുപോകൽ കേസിൽ വഴിത്തിരിവ്

കൊച്ചി: ആലുവയിൽ യുവാക്കളെ തട്ടിക്കൊണ്ടുപോയ കേസിൽ വഴിത്തിരിവ്. പ്രതികൾ തട്ടിക്കൊണ്ടുപോയ മൂന്ന് അസം സ്വദേശികളും നാട്ടിലെത്തിയതായി അന്വേഷണത്തിൽ കണ്ടെത്തി. അഞ്ചു ലക്ഷം രൂപ വാങ്ങി, സ്വർണത്തിന് പകരം മുക്കുപണ്ടം നൽകിയതിൻറെ വൈരാഗ്യത്തിലായിരുന്നു ഇവരെ തട്ടിക്കൊണ്ടുപോയതെന്ന് ആലുവ പൊലീസ് സ്ഥിരീകരിച്ചു.ഈ മാസം 17നാണ് ആലുവ റെയിൽവേ സ്റ്റേഷൻ പരിസരത്തുനിന്ന് മൂന്ന് അസം സ്വദേശികളെ തട്ടിക്കൊണ്ടുപോയത്. ഓട്ടോ ഡ്രൈവറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ തട്ടിക്കൊണ്ടുപോകാൻ ഉപയോഗിച്ച കാർ തിരുവനന്തപുരം കണിയാപുരത്തുനിന്ന് ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയിരുന്നു. റൂറൽ പൊലീസ് പ്രത്യേക സ്ക്വാഡ് രൂപീകരിച്ചുനടത്തിയ അന്വേഷണത്തിലാണ് പുതിയ കണ്ടെത്തൽ.

തട്ടിക്കൊണ്ടുപോയ മൂന്ന് അസം സ്വദേശികളെ മർദിച്ച ശേഷം പ്രതികൾ തിരുവനന്തപുരത്ത് ഉപേക്ഷിക്കുകയായിരുന്നു. മൂന്നുപേരും അസമിലെത്തിയതായി പൊലീസ് സ്ഥിരീകരിച്ചു. കേസിലെ പ്രതികളിൽ ഒരാളുടെ ബന്ധുവിന്റെ കടയിലാണ് അസം സ്വദേശികൾ ജോലി ചെയ്തിരുന്നത്. വിദേശത്തുനിന്ന് കടത്തിയ 10 ലക്ഷം രൂപയുടെ സ്വർണം തങ്ങളുടെ പക്കലുണ്ടെന്നും ഇത് അഞ്ചു ലക്ഷം രൂപയ്ക്ക് നൽകാൻ തയാറാണെന്നും ഇവർ പ്രതികളോട് പറഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പണം നൽകി പ്രതികൾ ആഭരണം വാങ്ങി.എന്നാൽ, പിന്നീട് മുക്കുപണ്ടമാണെന്ന് മനസിലാക്കിയതോടെയാണ് അസം സ്വദേശികളെ തട്ടിക്കൊണ്ടുപേയി മർദിക്കാൻ പ്രതികൾ തീരുമാനിച്ചത്. നേരത്തെ കേസുമായി ബന്ധപ്പെട്ട് കാറ് വാടകയ്ക്ക് എടുത്ത് നൽകിയ മൂന്നുപേരെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. ഒളിവിൽ കഴിയുന്ന തിരുവനന്തപുരം സ്വദേശികളായ മുഖ്യപ്രതികൾക്കായുള്ള അന്വേഷണവും തുടരുകയാണ്.

കൊല്ലത്ത് തെരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു; പ്രചാരണത്തിൽ മുന്നേറി പ്രേമചന്ദ്രനും മുകേഷും

കൊല്ലം: എൻ.ഡി.എ സ്ഥാനാർഥിയായി നടൻ ജി കൃഷ്ണകുമാറിനെ പ്രഖ്യാപിച്ചതോടെ കൊല്ലത്തെ തെരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു. കൃഷ്ണകുമാറിലൂടെ ഭൂരിപക്ഷ സമുദായ വോട്ട് പരമാവധി സമാഹരിക്കാനാകുമെന്നാണ് എൻ.ഡി.എ കണക്കുകൂട്ടുന്നത്. അടിസ്ഥാന വോട്ടുകളിൽ വിള്ളലുണ്ടാകില്ലെന്നാണ് എൽ.ഡി.എഫ്-യു.ഡി.എഫ് മുന്നണികളുടെ വിലയിരുത്തൽ.

സിറ്റിങ് എം.പി എൻ.കെ പ്രേമചന്ദ്രനും കൊല്ലം എം.എൽ.എയും നടനുമായ എം. മുകേഷും പ്രചാരണത്തിൽ ബഹുദൂരം പിന്നിട്ടു കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒരു ലക്ഷം വോട്ടാണ് ബി.ജെ.പിക്കു ലഭിച്ചത്. നിയമസഭാ തെരഞ്ഞെടുപ്പിൽ ഒന്നേകാൽ ലക്ഷവും. ഇതു പരമാവധി വർധിപ്പിക്കുകയാണ് കൃഷ്ണകുമാറിന്റെ ദൗത്യം. ഭൂരിപക്ഷ സമുദായത്തിന്റെ മണ്ഡലത്തിലെ സ്വാധീനം ഗുണം ചെയ്യുമെന്നാണ് എൻ.ഡി.എ പ്രതീക്ഷ.



എതിരാളികളായി താരസ്ഥാനാർഥികൾ മത്സരിക്കുന്നത് തങ്ങളുടെ ജയത്തെ ബാധിക്കില്ലെന്നാണ് യു.ഡി.എഫ് പറയുന്നത്. മുഴുസമയ രാഷ്ട്രീയ പ്രവർത്തകനായ എൻ.കെ പ്രേമചന്ദ്രന് മണ്ഡലത്തിലുള്ള സ്വീകാര്യത വോട്ടായി മാറുമെന്നതുതന്നെയാണ് ആത്മവിശ്വാസം. പരമാവധി വോട്ടർമാരെ നേരിൽകാണുകയാണ് യു.ഡി.എഫ് സ്ഥാനാർഥി.

നിയമസഭാ തെരഞ്ഞെടുപ്പിലെ 95,000 വോട്ടിന്റെ ഭൂരിപക്ഷം നിലനിർത്തി പരമാവധി വോട്ടുകൾ സമാഹരിക്കാൻ കഴിഞ്ഞാൽ പ്രേമചന്ദ്രനെ പരാജയപ്പെടുത്താൻ കഴിയുമെന്ന് എൽ.ഡി.എഫ് ക്യാംപ് കണക്കുകൂട്ടുന്നു. മണ്ഡലത്തിലെ വികസന പ്രശ്നങ്ങൾ വോട്ടായി മാറുമെന്നാണ് എൽ.ഡി.എഫ് വിലയിരുത്തൽ.

കൊല്ലത്തെ തെരഞ്ഞെടുപ്പ് ഫലം രാഷ്ട്രീയ, സാമുദായിക സമവാക്യങ്ങളുടെ നേർചിത്രമാകുമെന്നതിൽ മൂന്ന് മുന്നണികൾക്കും എതിരഭിപ്രായമില്ല. വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്ന എം.പിയും സിറ്റിങ് എം.എൽ.എയും നടനും സ്ഥാനാർഥികളാകുമ്പോൾ വാശിയേറിയ മത്സരം ഉറപ്പാണ്.

കാളികാവിൽ രണ്ടര വയസുകാരിയുടെ ക്രൂരകൊലപാതകത്തിൽ പിതാവിന്റെ അറസ്റ്റ് രേഖപ്പെടുത്തി

മലപ്പുറം: കാളികാവ് ഉദരംപൊയിലിൽ രണ്ടര വയസുകാരി കൊല്ലപ്പെട്ട സംഭവത്തിൽ പിതാവിന്റെ അറസ്റ്റ് രേഖപ്പെടുത്തി. കൊലക്കുറ്റം ചുമത്തിയാണ് മുഹമ്മദ് ഫായിസിനെതിരെ കാളികാവ് പൊലീസ് കേസെടുത്തത്. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരവും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിക്രൂരമായ മർദനത്തെ തുടർന്നാണ് ഫാത്തിമ നസ്റിൻ മരിച്ചതെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വ്യക്തമായിരുന്നു.

കുട്ടിയുടെ അമ്മ ഷഹാനത്തിനെയും ഭർത്താവ് മുഹമ്മദ് ഫായിസ് ക്രൂരമായി മർദിച്ചിരുന്നെന്ന് ബന്ധുക്കൾ ആരോപിച്ചിട്ടുണ്ട്. ഇതിനെതിരെ പരാതി നൽകിയെങ്കിലും പൊലീസ് നടപടി സ്വീകരിച്ചിരുന്നില്ല. പരാതിയുമായി ചെന്നപ്പോൾ സ്റ്റേഷനിൽനിന്ന് ആട്ടിയിറക്കുകയാണ് ചെയ്തതെന്നു കുടുംബം ആരോപിച്ചു. ഭാര്യയും ഭർത്താവും തമ്മിൽ പ്രശ്നങ്ങളുണ്ടാകുമെന്നാണ് പൊലീസ് പറഞ്ഞത്. ആ സമയത്തുതന്നെ പൊലീസ് നടപടി എടുത്തിരുന്നെങ്കിൽ കുട്ടിയെ നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടാകുമായിരുന്നില്ലെന്ന് മാതാവിൻറെ സഹോദരി റെയ്ഹാനത്ത് പറഞ്ഞു.

കഴിഞ്ഞ ദിവസമാണ് കാളികാവ് ഉദരംപൊയിലിൽ രണ്ടര വയസുകാരി ഫാത്തിമ നസ്റിനെ പിതാവ് മുഹമ്മദ് ഫായിസ് ക്രൂരമായി മർദിച്ചു കൊലപ്പെടുത്തിയത്. കുട്ടിയുടെ ശരീരത്തിൽ മർദനമേറ്റ പാടുകൾ കണ്ടെത്തിയിട്ടുണ്ട്. കുട്ടിയുടെ തലയിലും നെഞ്ചിലുമേറ്റ പരിക്കാണ് മരണത്തിലേക്ക് നയിച്ചതെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിലെ പ്രാഥമിക നിഗമനം. തലയിൽ രക്തം കട്ടപിടിക്കുകയും വാരിയെല്ല് പൊട്ടുകയും ചെയ്തതായി പരിശോധനയിൽ വ്യക്തമായി. തലച്ചോർ ഇളകിയ നിലയിലുമായിരുന്നു. കഴുത്തിലും മുഖത്തുമടക്കം മർദനമേറ്റതിന്റെ പാടുകളുമുണ്ട്.

ബോധരഹിതയായ കുഞ്ഞിനെ തൊണ്ടയിൽ ഭക്ഷണം കുടുങ്ങിയെന്ന് പറഞ്ഞാണ് ഫായിസ് വണ്ടൂരിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചത്. ആശുപത്രിയിലെത്തിച്ചെങ്കിലും കുഞ്ഞ് മരിച്ചിരുന്നു. ഇതോടെ ആശുപത്രി അധികൃതർ പൊലീസിൽ അറിയിക്കുകയായിരുന്നു. പോസ്റ്റ്മോർട്ടം റിപ്പാർട്ടിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പ്രതിയെ വിശദമായി ചോദ്യംചെയ്യും. കുട്ടിക്ക് മർദനമേറ്റ ഫായിസിന്റെ മലപ്പുറം കാളികാവിലെ വീട് പൊലീസ് സീൽ ചെയ്തിട്ടുണ്ട്.

യുവതിയെ പീഡിപ്പിച്ച് നഗ്ന ദൃശ്യങ്ങൾ ബന്ധുക്കൾക്ക് അയച്ചു; യുവാവ് അറസ്റ്റിൽ

അടിമാലി: സാമൂഹിക മാധ്യമത്തിലൂടെ പരിചയപ്പെട്ട യുവതിയെ ലൈംഗിക പീഡനത്തിന് ഇരയാക്കി നഗ്ന ദൃശ്യങ്ങൾ പകർത്തിയ കേസിൽ യുവാവ് കസ്റ്റഡിയിൽ. കട്ടപ്പന തൊപ്പിപ്പാള സ്വദേശി ബിബിനെയാണ് അടിമാലി പൊലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ പീഡന ദൃശ്യങ്ങൾ പകർത്തി ബന്ധുക്കൾക്ക് അയച്ചതായാണ് പരാതി. ബിബിൻ ഭീഷണിപ്പെടുത്തിയതിനെ തുടർന്നാണ് യുവതി പൊലീസിൽ പരാതി നൽകിയത്.

സാമൂഹിക മാധ്യമത്തിലൂടെ പരിചയപ്പെട്ട ഇരുവരും അടുത്ത സൗഹൃദത്തിലായിരുന്നെന്ന് പൊലീസ് പറയുന്നു. ഇതിനു പിന്നാലെയാണ് അടിമാലിയിലെ സ്വകാര്യ ലോഡ്ജിലെത്തിച്ച് യുവതിയെ പീഡനത്തിന് ഇരയാക്കിയത്. ഇതിന്റെ ദൃശ്യങ്ങളും പകർത്തി.

തുടർന്നും ഇയാൾ യുവതിയെ ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ചെങ്കിലും യുവതി വഴങ്ങിയില്ല. ഇതോടെയാണ് കൈവശമുണ്ടായിരുന്ന പീഡന ദൃശ്യങ്ങൾ യുവതിയുടെ ബന്ധുക്കൾക്ക് അയച്ചുകൊടുക്കുമെന്ന് ഭീഷണിപ്പെടുത്തിയത്. ഭീഷണിക്കു വഴങ്ങാതിരുന്ന യുവതി, ഇക്കാര്യം ബന്ധുക്കളെ അറിയിച്ചു. അവരുടെ കൂടി ഇടപെടലിനെ തുടർന്നാണ് യുവതി പൊലീസിനെ സമീപിച്ചത്.

'ഓൾ പാസ്' തുടരും, മൂല്യ നിർണയത്തിൽ അധ്യാപകരെ നിരീക്ഷിക്കും

തിരുവനന്തപുരം: സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നുമുതൽ ഒമ്പതു വരെയുള്ള ക്ലാസുകളിലെ ഓൾപാസ് തുടരും. എന്നാൽ ഈ വർഷം മുതൽ പരീക്ഷാമൂല്യനിർണയത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തും.

ഓൾ പാസ് ഉള്ളതിനാൽ പരീക്ഷപ്പേപ്പർ നോക്കുന്നതിൽ അധ്യാപകർ ലാഘവബുദ്ധി കാണിക്കുന്നുവെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം.

ഇത്തവണ മൂല്യനിർണയം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കും. അധ്യാപകരെ നിരീക്ഷിക്കും. ഇതിനായി പ്രത്യേകം നിരീക്ഷകരെ നിയോഗിക്കും. മൂല്യനിർണയത്തിൽ 30 ശതമാനം മാർക്കു നേടാത്ത കുട്ടികളുടെ വിവരം പ്രത്യേകം തയ്യാറാക്കും. അവരുടെ പഠനനിലവാരം ഉറപ്പാക്കാനുള്ള സൗകര്യം സ്കൂളുകളിൽ സജ്ജമാക്കും.

സിദ്ധാർഥൻ എട്ടുമാസം നിരന്തര റാഗിങ്ങിനിരയായത് ആൻറി റാഗിങ് കമ്മിറ്റി അറിഞ്ഞില്ലെന്ന വാദം പ്രതികളെ സംരക്ഷിക്കാനെന്ന് ആരോപണം

വയനാട്: വയനാട് വെറ്ററിനറി സർവകലാശാലയിൽ ആൾക്കൂട്ട വിചാരണക്കും ക്രൂര മർദനത്തിനുമിരയായ സിദ്ധാർഥൻറെ മരണത്തിൽ ഒരു മാസത്തിനിപ്പുറവും വിവാദങ്ങളടങ്ങുന്നില്ല. സിദ്ധാർഥൻ എട്ടുമാസം നിരന്തര റാഗിങ്ങിനിരയായത് ക്യാമ്പസിലെ ആൻറി റാഗിങ് കമ്മിറ്റി അറിഞ്ഞില്ല എന്ന വാദം പ്രതികളെ രക്ഷിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നുവെന്നാണ് ആരോപണം. കഴിഞ്ഞ ദിവസം 33 വിദ്യാർഥികളുടെ സസ്പെൻഷൻ പിൻവലിച്ച നടപടി വിവാദമായതിന് പിന്നാലെ വി.സി രാജിവച്ചിരുന്നു.

സിദ്ധാർഥൻറെ മരണശേഷം വിവിധ വകുപ്പ് മേധാവികളായ 12 പേരെ ഉൾപ്പെടുത്തി രൂപീകരിച്ച ആൻറി റാഗിങ് സ്ക്വാഡ് കഴിഞ്ഞ ദിവസം സമർപ്പിച്ച അന്തിമ റിപ്പോർട്ടിലാണ് എട്ടു മാസമായി സിദ്ധാർഥൻ നിരന്തരം പീഡനത്തിനിരയായിരുന്നുവെന്നുള്ള ഞെട്ടിക്കുന്ന കണ്ടെത്തൽ. കോളജ് യൂണിയൻ പ്രസിഡൻറും എസ്.എഫ്.ഐ യൂണിറ്റ് കമ്മിറ്റി യംഗവുമായ കെ.അരുണിൻറെ മുറിയിൽ എല്ലാ ദിവസവും റിപ്പോർട്ട് ചെയ്യാനും ഒപ്പിട്ട് മടങ്ങാനും സിദ്ധാർഥനോട് ആവശ്യപ്പെട്ടിരുന്നുവെന്നും മുറിയിൽവച്ച് പലതവണ നഗ്നനാക്കി റാഗ് ചെയ്തിരുന്നുവെന്നും റിപ്പോർട്ടിലുണ്ട്. എന്നാൽ യൂനിവേഴ്സിറ്റിയിൽ വർഷങ്ങളായി നില വിലുള്ള ആൻറി റാഗിങ് കമ്മിറ്റി ഇതൊന്നും അറിഞ്ഞിരുന്നില്ലെന്നതാണ് ദുരൂഹതയുണർത്തുന്നത്.

പുതുതായി രൂപീകരിച്ച ആൻറി റാഗിങ് സ്ക്വാഡ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ മാത്രമാണ് ആൻറി റാഗിങ് കമ്മിറ്റി വിവരം അറിഞ്ഞത്. പ്രതികളെ സംരക്ഷിക്കാൻ കോളജധികൃതർ കൂട്ടു നിന്നതിന്റെ തെളിവാണിതെന്നാണ് ആരോപണം. ഇതിനിടയാണ് സസ്പെന്റ് ചെയ്യപ്പെട്ട 33 വിദ്യാർഥികളെ തിരിച്ചെടുത്ത വിസിയുടെ നടപടി. ചാൻസലർ കൂടിയായ ഗവർണറുടെ ഇടപെടലിനു പിന്നാലെ വിദ്യാർഥികളുടെ സസ്പെൻഷൻ നടപടികൾ സർവകലാശാല പുനസ്ഥാപിച്ചെങ്കിലും വിവാദങ്ങളൊഴിയുന്നില്ല.

ഹിമാചലിൽ അയോഗ്യരാക

ബഗുസരായി ലോക്സഭ സീറ്റിനെ ചൊല്ലി ഇൻഡ്യാ സഖ്യത്തിൽ തർക്കം

ഡൽഹി: ബിഹാറിലെ ബഗുസരായി ലോക്സഭ സീറ്റിനെ ചൊല്ലി ഇൻഡ്യാ സഖ്യത്തിൽ തർക്കം.കനയ്യകുമാറിന് മത്സരിക്കാനായി സീറ്റ് വേണമെന്നാണ് കോൺഗ്രസ് ആവശ്യം. വിട്ടുതരാനാവില്ലെന്നു സി.പി.ഐയും നിലപാട് സ്വീകരിച്ചതോടെ തർക്കം രൂക്ഷമായി.

കഴിഞ്ഞ ലോക്സഭ തെരഞ്ഞെടുപ്പിൽ കനയ്യകുമാർ രണ്ടാം സ്ഥാനത്ത് എത്തിയതിനാൽ ബേഗുസരായി അദ്ദേഹത്തിനായി വിട്ടുനൽകണം എന്നാണ് കോൺഗ്രസ് നിലപാട്. സി.പി.ഐ വിട്ട് കോൺഗ്രസിൽ എത്തിയ കനയ്യ ഇപ്പോൾ പ്രവർത്തക സമിതിയിലെ സ്ഥിരം ക്ഷണിതാവ് ആണ്. എന്നാൽ എം. എൽ.എ കൂടിയായ അവധേഷ് കുമാർ റായിയെ സി.പി.ഐ പ്രഖ്യാപിച്ചു പ്രചരണം തുടങ്ങി.സി.പി.ഐ ദേശീയ ജനറൽ സെക്രട്ടറി ഡി.രാജ ബിഹാറിൽ എത്തിയാണ് സ്ഥാനാർഥിയെ പ്രഖ്യാപിച്ചത്. ആർ.ജെ.ഡി നേതാവ് ലാലു പ്രസാദ് യാദവുമായി കൂടിക്കാഴ്ച നടത്തി.അദ്ദേഹത്തിൻറെ പിന്തുണ കൂടി നേടിയ ശേഷമായിരുന്നു പ്രഖ്യാപനം.കഴിഞ്ഞ തവണ രണ്ട് ലക്ഷത്തോളം വോട്ട് വാങ്ങി ആർ.ജെ.ഡി.മൂന്നാമതെത്തിയിരുന്നു.

സിറ്റിംഗ് എം.പിയും കേന്ദ്രമന്ത്രിയുമായ ഗിരിരാജ് സിംഗിൻറെ പേരാണ് ഇത്തവണയും ബി.ജെ.പി മുന്നോട്ട് വച്ചിരിക്കുന്നത്.കനയ്യ കുമാറിനെ കോൺഗ്രസ് മത്സരിപ്പിക്കുമെന്ന് മുൻകൂട്ടി കണ്ടാണ് സി.പി.ഐ സ്ഥാനാർഥിയെ മുൻകൂട്ടി പ്രഖ്യാപിച്ചത്. സംഘടയുടെ വോട്ട് കൂടി ലഭിച്ചത് കൊണ്ടാണ് കനയ്യ കഴിഞ്ഞ തവണ രണ്ടാമത് എത്തിയത് എന്ന വാദമാണ് സി.പി.ഐ ഉന്നയിക്കുന്നത്.മുന്നണിയിൽ 17 സീറ്റുകൾ ജെ.ഡി.യുവിനാണ് മാറ്റി വച്ചിരുന്നത്. മുഖ്യമന്ത്രി നിതീഷ് കുമാറിൻറെ നേതൃത്വത്തിൽ ജെ.ഡി.യു.ബി.ജെ.പി പാളയത്തിൽ എത്തിയതോടെ കൂടുതൽ സീറ്റ് കോൺഗ്രസിന് ലഭിച്ചു.ബേഗുസരായി ഇങ്ങനെ നൽകുന്ന സീറ്റ് ആയി പരിഗണിക്കണം എന്നാണ് കോൺഗ്രസ് ആവശ്യം.

ലോക്സഭാ സീറ്റില്ല; നൈനിറ്റാൾ കോൺഗ്രസ് നേതാവ് ദീപക് ബലൂട്ടിയ പാർട്ടിവിട്ടു

നൈനിറ്റാൾ: ലോക്സഭാ തെരഞ്ഞെടുപ്പിൽ സീറ്റ് നിഷേധിച്ചതിനെ തുടർന്ന് നൈനിറ്റാളിലെ കോൺഗ്രസ് നേതാവ് ദീപക് ബലൂട്ടിയ പാർട്ടിവിട്ടു. ഉത്തരാഖണ്ഡിലെ നൈനിറ്റാൾ-ഉദംസിംഗ് നഗർ ലോക്സഭാ മണ്ഡലത്തിൽ പ്രകാശ് ജോഷിയെ സ്ഥാനാർഥിയായി പ്രഖ്യാപിച്ചതിനു പിന്നാലെയാണ് ബലൂട്ടിയയുടെ രാജി.

"കഴിഞ്ഞ 35 വർഷമായി കോൺഗ്രസിൻറെ വിശ്വസ്തനായ സേവകനാണ് ഞാൻ. പെതുതാൽപര്യമുള്ള വിഷയങ്ങൾ ഏറ്റെടുത്തുകൊണ്ട് പ്രവർത്തിച്ചു. ഇനി മുതൽ സ്വതന്ത്രമായി ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കും. പരീക്ഷക്കായി നന്നായി തയ്യാറെടുത്ത ഒരു വിദ്യാർഥിയെപ്പോലെയാണ് എന്റെ അവസ്ഥ. പക്ഷെ പരീക്ഷ എഴുതുന്നതിൽ നിന്ന് വിലക്കി. പരീക്ഷ എഴുതിയില്ലെങ്കിൽ ഒരു വിദ്യാർഥി എങ്ങനെ മെച്ചപ്പെടും" ഉത്തരാഖണ്ഡിന്റെ ചുമതലയുള്ള കുമാരി സെൽജയ്ക്ക് സമർപ്പിച്ച രാജിക്കത്തിൽ പറയുന്നു. പാർട്ടി അതിന്റെ താഴെത്തട്ടിലുള്ള പ്രവർത്തകരെ പാർശ്വവത്കരിക്കുകയാണെന്ന് അദ്ദേഹം ആരോപിച്ചു. ഉത്തരാഖണ്ഡ് മുൻ മുഖ്യമന്ത്രി നാരായൺ ദത്ത് തിവാരിയുടെ അനന്തരവനാണ് ബലൂട്ടിയ.അതേസമയം പ്രകാശ് ജോഷി നാഷണൽ സ്റ്റുഡന്റ്സ് യൂണിയൻ ഓഫ് ഇന്ത്യയുടെ ജനറൽ സെക്രട്ടറിയായും കോൺഗ്രസിന്റെ ദേശീയ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. 2022ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഉത്തരാഖണ്ഡിലെ കോൺഗ്രസിന്റെ മാനേജ്മെന്റ് കമ്മിറ്റി മേധാവിയായിരുന്നു അദ്ദേഹം.ബി.ജെ.പിയുടെ സിറ്റിങ് എം.പി അജയ് ഭട്ടിനെതിരെയാണ് ജോഷി മത്സരിക്കുന്നത്. 2019ൽ കോൺഗ്രസിന്റെ മുൻ മുഖ്യമന്ത്രി ഹരീഷ് റാവത്തിനെ 3 ലക്ഷത്തിലധികം വോട്ടുകൾക്കാണ് ഭട്ട് പരാജയപ്പെടുത്തിയത്.ഭൂരിപക്ഷം വോട്ടർമാരും സിറ്റിങ് എം.പിയിൽ തൃപ്തരല്ലെന്നും അദ്ദേഹം തങ്ങൾക്ക് ലഭ്യമല്ലാത്തതിനാലും ജോഷി അദ്ദേഹത്തെ പരാജയപ്പെടുത്തുമെന്നും കോൺഗ്രസ് വൃത്തങ്ങൾ അവകാശപ്പെട്ടു.

"തിവാരിയെ ഓർത്ത് ബലൂട്ടിയയെ പിന്തുണയ്ക്കാൻ ആഗ്രഹിക്കുന്ന ആളുകൾ ഇപ്പോഴും മണ്ഡലത്തിലുണ്ട്. പക്ഷേ അവർ ഇപ്പോൾ ആശയക്കുഴപ്പത്തിലാണ്.ജോഷിക്ക് വോട്ട് ചെയ്യാൻ കോൺഗ്രസ് അവരെ എങ്ങനെയാണ് കൊണ്ടുവരുന്നതെന്ന് നോക്കാം. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പേരിൽ വോട്ട് തേടിട്ട് മണ്ഡലത്തിന് വേണ്ടി ഒന്നും ചെയ്തിട്ടില്ല" ഒരു കോൺഗ്രസ് നേതാവ് വ്യക്തമാക്കി. 14 നിയമസഭാ മണ്ഡലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 2,472 ബൂത്തുകളിൽ ഓരോന്നിലും ബി.ജെ.പിക്കും കോൺഗ്രസിനും അവരുടെതായ യൂണിറ്റുകളുണ്ടെന്നും അവർ അതാത് പ്രദേശങ്ങളിൽ ഇതിനോടകം തന്നെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും വൃത്തങ്ങൾ പറയുന്നു. നിലവിൽ ആറ് നിയമസഭാ സീറ്റുകൾ കോൺഗ്രസിനൊപ്പമാണ്. ഏപ്രിൽ 19നാണ് ഉത്തരാഖണ്ഡിൽ പെതുതെരഞ്ഞെടുപ്പ് നടക്കുന്നത്. സംസ്ഥാനത്തെ അഞ്ച് മണ്ഡലങ്ങളിലേക്കും ഒറ്റഘട്ടമായാണ് തെരഞ്ഞെടുപ്പ്

'മോദി, മോദി' എന്നു വിളിക്കുന്ന വിദ്യാർഥികളെ തല്ലണം – കർണാടക മന്ത്രി ശിവരാജ്

ബെംഗളൂരു: പ്രധാനമന്ത്രി നരേന്ദ്ര മോദിക്കു വേണ്ടി മുദ്രാവാക്യം വിളിക്കുന്നവരെ തല്ലണമെന്ന് കർണാടക സാംസ്കാരിക മന്ത്രിയും കോൺഗ്രസ് നേതാവുമായ ശിവരാജ് തംഗഡഗി. രണ്ടു കോടി ജോലി വാഗ്ദാനം ചെയ്ത ബി.ജെ.പി എന്തെങ്കിലും ചെയ്തോ? ജോലി ചോദിക്കുമ്പോൾ പക്കവട വിൽക്കാനാണ് അവർ ആവശ്യപ്പെടുന്നതെന്നും മന്ത്രി വിമർശിച്ചു.

കൊപ്പൽ ജില്ലയിൽ കോൺഗ്രസ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 'അവർക്കു ലജ്ജയില്ലേ? ഏതു ഘട്ടത്തിലാണ് അവർ വോട്ട് ചോദിക്കാൻ പോകുന്നത്? ഒരൊറ്റ വികസന പ്രവർത്തനം നടത്താൻ അവർക്കായിട്ടില്ല. രണ്ടു കോടി ജോലി നൽകുമെന്ന് അവർ വാഗ്ദാനം ചെയ്തിരുന്നു. എന്തിട്ട് ആർക്കെങ്കിലും ജോലി നൽകിയോ? ജോലിയെക്കുറിച്ചു ചോദിക്കുമ്പോൾ പക്കവട വിൽക്കാനാണു പറയുന്നത്. അവർക്കു ലജ്ജയില്ലേ?'–മന്ത്രി ശിവരാജ് വിമർശിച്ചു.

ഇനിയും 'മോദി, മോദി' എന്നു വിളിക്കുന്ന വിദ്യാർഥികളെ തല്ലണം. ഇതിൽ ലജ്ജിക്കണം. ഇതൊരു ചെറിയ കാര്യമാണോ? ഒരു വർഷം രണ്ടു കോടി ജോലിയാണു വാഗ്ദാനം ചെയ്തത്. 10 വർഷത്തിനിടെ 20 കോടി ജോലി ആകേണ്ടതാണെന്നും മന്ത്രി ശിവരാജ് വിമർശിച്ചു.

മന്ത്രിയുടെ പരാമർശത്തിനെതിരെ ബി.ജെ.പി രംഗത്തെത്തിയിട്ടുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പിൽ തോൽവി ഉറപ്പായതോടെ തരംതാണ നിലയിലേക്കു പോകുകയാണ് കോൺഗ്രസെന്ന് ബി.ജെ.പി മുൻ ദേശീയ ജനറൽ സെക്രട്ടറി സി.ടി രവി വിമർശിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ഏകാധിപതിയെന്നു വരെ വിളിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ശിവരാജിനെതിരെ ബി.ജെ.പി തെരഞ്ഞെടുപ്പ് കമ്മിഷനിൽ പരാതി നൽകിയിട്ടുണ്ട്. പെരുമാറ്റച്ചട്ട ലംഘനമാണു മന്ത്രി നടത്തിയത്. കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽനിന്ന് മന്ത്രിയെ തടയണമെന്നും ബി.ജെ.പി പരാതിയിൽ ആവശ്യപ്പെട്ടു.

'വീട് നിർമാണത്തിന് 23 ലക്ഷം രൂപ വേണം'; ഒമ്പതുവയസുകാരനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ അയൽവാസി പിടിയിൽ

താനെ: മഹാരാഷ്ട്രയിലെ താനെയിൽ ഒമ്പതു വയസുകാരനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ സംഭവത്തിൽ രണ്ടുപേർ അറസ്റ്റിൽ. താനെയിലെ ബദ്ലാപൂരിലെ ഗോരെഗാവ് ഗ്രാമത്തിലാണ് ഞെട്ടിപ്പിക്കുന്ന കൊലപാതകം നടന്നത്. കേസിലെ മുഖ്യപ്രതി സൽമാൻ മൗലവിയെ പൊലീസ് അറസ്റ്റ് ചെയ്തു.

ഞായറാഴ്ച വെകുന്നേരമാണ് സംഭവം നടന്നത്. പള്ളിയിൽ പ്രാർഥന കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുകയായിരുന്ന ഇബാദ് എന്ന കുട്ടിയെ അയൽവാസി കൂടിയായ സൽമാൻ മൗലവി തട്ടിക്കൊണ്ടുപോകുകയായിരുന്നു.

തയ്യൽക്കാരനായ സൽമാൻ മൗലവിയുടെ പുതിയ വീടിന്റെ നിർമാണത്തിന് 23 ലക്ഷം രൂപ ആവശ്യമായിരുന്നു.ഇത് നേടിയെടുക്കാൻ വേണ്ടിയാണ് തട്ടിക്കൊണ്ടുപോകൽ നടത്തിയതെന്നാണ് പൊലീസ് പറയുന്നത്. പള്ളിയിൽ പോയി ഏറെ നേരം കഴിഞ്ഞും മകൻ മടങ്ങിവരാത്തതിനെ തുടർന്ന് മാതാപിതാക്കൾ തിരച്ചിൽ ആരംഭിച്ചു.ഈ സമയത്താണ് ഇബാദിന്റെ പിതാവ് മുദ്ദാസിറിന് മകനെ തട്ടിക്കൊണ്ടുപോയതാണെന്നും 23 ലക്ഷം രൂപ നൽകിയാൽ കുട്ടിയെ മോചിപ്പിക്കാം എന്ന് പറഞ്ഞ് ഫോൺ സന്ദേശം വരുന്നത്.

കൂടുതൽ വിവരങ്ങളൊന്നും പറയാതെ ഫോൺ കോൾ അവസാനിപ്പിക്കുകയും ചെയ്തു. എന്നാൽ അപ്പോഴേക്കും കുട്ടിക്ക് വേണ്ടി നാട്ടുകാരും പൊലീസും തിരച്ചിൽ ഊർജിതമാക്കിയിരുന്നു. ഇതോടെ രക്ഷപ്പെടാൻ വഴികൾ അടഞ്ഞെന്ന് മനസിലാക്കിയ പ്രതി തന്റെ സിം കാർഡ് നശിപ്പിക്കുകയും ചെയ്തു. എന്നാൽ അപ്പോഴേക്കും പ്രതിയുടെ ലൊക്കേഷൻ പൊലീസ് കണ്ടെത്തിയിരുന്നു.

ഇയാളുടെ വീട്ടിലെത്തി പരിശോധന നടത്തിയ പൊലീസ് ചാക്കിൽ കെട്ടിയ നിലയിൽ കുട്ടിയുടെ മൃതദേഹം കണ്ടെത്തുകയും ചെയ്തു.

കുട്ടിയെ കൊലപ്പെടുത്താനുള്ള പ്രേരണയ്ക്ക് എന്താണെന്ന് അന്വേഷിക്കുമെന്ന് താനെ പൊലീസ് സൂപ്രണ്ട് ഡോ. ഡി.എസ്. സ്വാമി പറഞ്ഞു. കൊലപാതകക്കേസിൽ സൽമാന്റെ സഹോദരൻ സഫുവാൻ മൗലവിയും അറസ്റ്റിലായിട്ടുണ്ട്.

കൊലപാതകത്തിൽ കൂടുതൽ പേർക്ക് പങ്കുണ്ടോ എന്ന് അന്വേഷിച്ചുവരികയാണെന്ന് പൊലീസ് പറഞ്ഞു.

ജനങ്ങളെ അപമാനിച്ചാൽ ബി.ജെ.പിയുടെ പരാജയം സുനിശ്ചിതം; നിർമല സീതാരാമനെ വിമർശിച്ച് സ്റ്റാലിൻ

ചെന്നൈ: പ്രളയബാധിത കുടുംബങ്ങൾക്കുള്ള ധനസഹായം സംബന്ധിച്ച ധനമന്ത്രി നിർമല സീതാരാമൻ നടത്തിയ പരാമർശത്തിനെതിരെ തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ. മന്ത്രി ജനങ്ങളെ അപമാനിച്ചെന്നും വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പിയുടെ പരാജയം സുനിശ്ചിതമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംസ്ഥാനത്തെ പ്രളയബാധിത കുടുംബങ്ങൾക്ക് മതിയായ ഫണ്ട് നൽകുന്നില്ലെന്ന് ചൂണ്ടിക്കാട്ടി തമിഴ്നാട് സർക്കാർ കേന്ദ്രസർക്കാരിനെതിരെ സുപ്രിം കോടതിയെ സമീപിക്കുമെന്നും സ്റ്റാലിൻ തെരഞ്ഞെടുപ്പ് പ്രചരണത്തിനിടെപറഞ്ഞു."ധനമന്ത്രി ഞങ്ങൾക്ക് ദുരിതാശ്വാസ ഫണ്ടുകളൊന്നും നൽകുന്നില്ല, സംസ്ഥാന സർക്കാർ ദുരിതബാധിതർക്ക് ധനസഹായം നൽകുമ്പോൾ, നിർമല സീതാരാമൻ അതിനെ 'ഭിക്ഷ' എന്നാണ് വിശേഷിപ്പിക്കുന്നത്. അത് ജനങ്ങളുടെ അവകാശമാണ്. ജനാധിപത്യത്തിൽ നിങ്ങൾ ജനങ്ങളെ അപമാനിക്കുമ്പോൾ, അപ്പോൾ നിങ്ങളുടെ തോൽവി എഴുതപ്പെട്ടിരിക്കുന്നു,' അദ്ദേഹം പറഞ്ഞു. 'എന്തുകൊണ്ട്

നിങ്ങൾ ആളുകളെ കാണാൻ വരുന്നില്ല? അവർ നിങ്ങൾക്ക് ഉത്തരം നൽകും. അതിനുശേഷം, ഭിക്ഷ എന്ന വാക്ക് പോലും നിങ്ങൾ ഓർക്കില്ല"സ്റ്റാലിൻ തുടർന്നുപറഞ്ഞു.

തമിഴ്നാടിന്റെ ക്ഷേമ ആവശ്യങ്ങൾ ബി.ജെ.പി അവഗണിക്കുകയാണെന്ന് സ്റ്റാലിൻ കുറ്റപ്പെടുത്തി.'ഒരു കേന്ദ്രമന്ത്രി തമിഴ് ജനതയെ യാചകരെന്ന് വിളിക്കുമ്പോൾ മറ്റൊരു കേന്ദ്രമന്ത്രി തമിഴരെ തീവ്രവാദികളായി ചിത്രീകരിക്കുന്നു. എന്തുകൊണ്ടാണ് അവർക്ക് തമിഴ്നാടിനോട് ഇത്ര ദേഷ്യവും വെറുപ്പും?' അദ്ദേഹം ചോദിച്ചു. "ക്ഷേമപദ്ധതികൾ നടപ്പാക്കുന്നത് പൊതുപണം കൊണ്ടാണ്. ജനങ്ങൾക്ക് ആവശ്യമുള്ളപ്പോൾ സർക്കാർ അവരെ സഹായിക്കണം. മറ്റൊരു ബി.ജെ.പി മന്ത്രി ശോഭ കരന്ദലജെ തമിഴരെ ഭീകരർ എന്ന് വിളിച്ചു. അവർ വിദ്വേഷത്തിന്റെ വിത്ത് പാകുകയാണ്" സ്റ്റാലിൻ പറഞ്ഞു. ബി.ജെ.പിക്ക് വോട്ട് ചെയ്യുന്നത് തമിഴ്നാടിന്റെ വികസനത്തിനെതിരായ വോട്ടാണെന്നും കോൺഗ്രസ് സ്ഥാനാർത്ഥികളെ പരിചയപ്പെടുത്തുന്നതിനായി നാങ്കുനേരിയിൽ സംഘടിപ്പിച്ച പൊതുയോഗത്തിൽ സംസാരിക്കവെ അദ്ദേഹം പറഞ്ഞു. ഏപ്രിൽ 19നാണ് തമിഴ്നാട്ടിലെ 39 ലോക്സഭാ സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കുന്നത്.

സീറ്റ് വിഭജന തർക്കം രൂക്ഷം; ഭരണസഖ്യത്തിൽ നിന്നും പിൻമാറുമെന്ന് അജിത് പവാർ വിഭാഗത്തിൻറെ ഭീഷണി

മുംബൈ: സീറ്റ് വിഭജന തർക്കം രൂക്ഷമായതോടെ ശിവസേനയുടെ മുതിർന്ന നേതാവിനെ മാറ്റണമെന്ന് ആവശ്യപ്പെട്ട് എൻ.സി.പി അജിത് പവാർ വിഭാഗം രംഗത്തെത്തി. അല്ലാത്ത പക്ഷം മഹാരാഷ്ട്രയിലെ ഭരണ സഖ്യത്തിൽ നിന്ന് പുറത്തുപോകുമെന്ന് ഭീഷണി മുഴക്കി.

പവാർ കുടുംബത്തിന് സ്വാധീനമുള്ള ബാരാമതി ലോക്സഭാ സീറ്റിനെ ചൊല്ലിയാണ് തർക്കം ഉടലെടുത്തത്. എൻ.സി.പി ശരദ് പവാർ പക്ഷം ബാരാമതിയിൽ പവാറിന്റെ മകൾ സുപ്രിയ സുലെയാണ് സ്ഥാനാർഥിയായി പ്രഖ്യാപിച്ചത്. ഭാര്യ സുനേത്ര പവാറിനെ സുപ്രിയക്കെതിരെ നിർത്താനായിരുന്നു അജിത് പവാറിൻറെ തീരുമാനം. എന്നാൽ ഏകനാഥ് ഷിൻഡെയുടെ നേതൃത്വത്തിലുള്ള ശിവസേന നേതാവായ വിജയ് ശിവ്താരെ നാമനിർദേശ പത്രിക സമർപ്പിക്കുമെന്ന് പ്രഖ്യാപിച്ചതോടെയാണ് പ്രശ്നങ്ങൾക്ക് തുടക്കമായത്. ഷിൻഡെ സർക്കാരിലെ ഉപമുഖ്യമന്ത്രിയായ അജിത് പവാർ രാജ്യവംശ രാഷ്ട്രീയം പ്രോത്സാഹിപ്പിക്കുന്നുവെന്നാണ് ശിവ്താരെയുടെ ആരോപണം.

ഇതോടെ ശിവ്താരയെ പുറത്താക്കണമെന്നാവശ്യപ്പെട്ട് അജിത് പവാർ വിഭാഗം രംഗത്തെത്തുകയായിരുന്നു. "ഉപമുഖ്യമന്ത്രിക്കെതിരെ പൊട്ടിത്തെറിച്ച ശിവതാരയ്ക്കെതിരെ ഞങ്ങൾ നടപടി ആവശ്യപ്പെട്ടിരുന്നു.ഇന്ന് അദ്ദേഹം വീണ്ടും നമ്മുടെ നേതാവിനെതിരെ ആക്ഷേപകരമായ ഭാഷ ഉപയോഗിച്ചു. അദ്ദേഹത്തെ പുറത്താക്കുക മാത്രമാണ് ഇതിനൊരു പരിഹാരം. അല്ലാത്തപക്ഷം മഹായുതി സഖ്യം വിടുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്" എൻ.സി.പി വക്താവ് ഉമേഷ് പാട്ടീലിൻറെ വാക്കുകളെ ഉദ്ധരിച്ച് ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്യുന്നു.

ഒരു ഡസനിലധികം സീറ്റുകളിലെ തർക്കം കാരണം ബി.ജെ.പി-സേന-എൻ.സി.പി സഖ്യത്തിന്റെ സീറ്റ് വിഭജനം ഇതുവരെ പൂർത്തിയായിട്ടില്ല. മുന്നണി നേതാക്കൾ തമ്മിൽ പലവട്ടം ചർച്ചകൾ നടത്തിയെങ്കിലും തീരുമാനമായിട്ടില്ല. "അര ഡസനിലധികം സീറ്റുകളിൽ ബി.ജെ.പിയും ശിവസേനയും അവകാശവാദം ഉന്നയിക്കുന്നു, മറ്റു ചിലതിൽ അത് ശിവസേനയും എൻ.സി.പിയും തമ്മിലാണ്," ഒരു ബി.ജെ.പി നേതാവ് പറഞ്ഞു.

മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെയുടെ മകൻ ശ്രീകാന്ത് ഷിൻഡെ പ്രതിനിധീകരിക്കുന്ന കല്യാണാണ് തർക്കത്തിലുള്ള പ്രധാന സീറ്റുകളിലൊന്ന്. ഇവിടെ മത്സരിക്കണമെന്നാണ് ബി.ജെ.പി നേതാക്കളുടെ ആവശ്യം. ബി.ജെ.പിയും ഷിൻഡെ വിഭാഗവും അവകാശവാദമുന്നയിക്കുന്ന താനെ, പാൽഘർ ലോക്സഭാ സീറ്റുകളും പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. എൻ.സി.പി രാജിഭീഷണി മുഴക്കിയതിനെ തുടർന്ന് ഞായറാഴ്ച വൈകിട്ട് മുഖ്യമന്ത്രിയുടെ വസതിയിൽ സഖ്യകക്ഷി നേതാക്കൾ തമ്മിൽ വീണ്ടും കൂടിക്കാഴ്ച നടത്തിയിരുന്നു.

വിവാദ പരാമർശം; മറുപടി നൽകി കങ്കണ, അക്കൗണ്ട് ഹാക്ക് ചെയ്യപ്പെട്ടുവെന്ന് കോൺഗ്രസ് നേതാവ് സുപ്രിയ ശ്രീനേത്

ഡൽഹി: ഹിമാചൽ പ്രദേശിലെ മണ്ഡിയിൽ നിന്ന് ബിജെപി ടിക്കറ്റിൽ മത്സരിക്കാനൊരുങ്ങുന്ന നടി കങ്കണ റണൗട്ടിനെതിരെ കോൺഗ്രസ് നേതാവ് സുപ്രിയ ശ്രീനേത് നടത്തിയ പരാമർശം വിവാദത്തിൽ. സ്ഥാനാർഥി പട്ടികയിൽ കങ്കണയുടെ പേര് ബിജെപി പ്രഖ്യാപിച്ചതിനു പിന്നാലെയായിരുന്നു വിവാദങ്ങളുടെ തുടക്കം. കങ്കണയുടെ ചിത്രസഹിതം സുപ്രിയ ശ്രീനേതിന്റെ ഇൻസ്റ്റഗ്രാമിൽ പങ്കുവച്ച ചിത്രവും കുറിപ്പുമാണ് വിവാദത്തിലായത്. പിന്നാലെ സുപ്രിയ ശ്രീനേതിന് മറുപടിയുമായി കങ്കണ രംഗത്ത് വന്നു. പോസ്റ്റിന്റെ സ്ക്രീൻ ഷോട്ട് സഹിതമാണ് കങ്കണ മറുപടി നൽകിയത്.

എല്ലാ സ്ത്രീകളും സമൂഹത്തിൽ അന്തസ്സ് അർഹിക്കുന്നുണ്ടെന്ന് പറഞ്ഞ കങ്കണ നമ്മുടെ പെൺകുട്ടികളെ മുൻവിധികളിൽ നിന്ന് സ്വതന്ത്രമാക്കണമെന്നും അവയവങ്ങളെക്കുറിച്ച് ജിഞ്ജാസപ്പെടുക എന്നതിനപ്പുറത്തേക്ക് ചിന്തിക്കാൻ പഠിപ്പിക്കണമെന്നും പറഞ്ഞു. എക്സിലായിരുന്നു കങ്കണയുടെ പ്രതികരണം.

20 വർഷമായി ഒരു കലാകാരിയെന്ന നിലയിൽ താൻ പ്രവർത്തിച്ചുവരികയാണെന്നും എല്ലാ തരത്തിലുള്ള സ്ത്രീയായും ഞാൻ അഭിനയിച്ചിട്ടുണ്ടെന്നും കങ്കണ പറഞ്ഞു. നിഷ്കളങ്കയായ പെൺകുട്ടിമുതൽ ചാരവൃത്തി നടത്തുന്ന സ്ത്രീയും ആരാധനകഥാപാത്രമായും നെഗറ്റീവ് കഥാപാത്രമായും വേശ്യ മുതൽ വിപ്ലവാത്മക നേതാവായും വരെയുള്ള കഥാപാത്രങ്ങളെ ഇതിനകം താൻ അവതരിപ്പിച്ചിട്ടുണ്ട്. ലൈംഗിക തൊഴിലാളി ഉൾപ്പെടെ എല്ലാ സ്ത്രീകളും അന്തസ് അർഹിക്കുന്നുണ്ടെന്നും കങ്കണ എക്സിൽ കുറിച്ചു.വിവാദത്തിനു പിന്നാലെ സുപ്രിയ ശ്രീനേത് വിശദീകരണവുമായി രംഗത്തെത്തി. തന്റെ മെറ്റ അക്കൗണ്ടുകൾ ഹാക്ക് ചെയ്യപ്പെട്ടെന്നും. ഒരു സ്ത്രീക്കെതിരായ മോശം പോസ്റ്റ് അതിൽ നിന്നും പോസ്റ്റ് ചെയ്യപ്പെട്ടെന്നും എന്നാലത് നീക്കം ചെയ്തതായും ശ്രീനേത് എക്സിൽ കുറിച്ചു. ഒരു സ്ത്രീയേയും താൻ അങ്ങിനെ പറയില്ലെന്ന് തന്നെ അറിയുന്ന എല്ലാവർക്കുമറിയാമെന്നും അവർ പറഞ്ഞു. വിശദീകരണ വീഡിയോയും ശ്രീനേത് പങ്കുവക്കുകയുണ്ടായി.

എന്നാൽ വിഷയത്തെ രാഷ്ട്രീയ ആയുധമാക്കിയിരിക്കയാണ് ബിജെപി. സുപ്രിയ ശ്രീനേതിനെതിരെ നടപടി വേണമെന്ന് ബിജെപി ഐ.ടി സെൽ മേധാവി അമിത് മാളവ്യ ആവശ്യപ്പെട്ടു. ദേശീയ വനിതാ കമ്മിഷൻ ഇക്കാര്യം ചൂണ്ടിക്കാട്ടി ഇലക്ഷൻ കമ്മിഷന് കത്തയക്കുമെന്നും അറിയിച്ചിട്ടുണ്ട്.

തെരഞ്ഞെടുപ്പിൽ സീറ്റില്ല; ഒഡിഷയിൽ ബി.ജെ.പി നേതാവ് സ്വതന്ത്രനായി മത്സരിക്കും

ഭുവനേശ്വർ: ലോക്സഭാ തെരഞ്ഞെടുപ്പിൽ സീറ്റ് നിഷേധിച്ചതിനെ തുടർന്ന് സ്വതന്ത്രനായി മത്സരിക്കാനൊരുങ്ങി ഒഡിഷയിലെ ബി.ജെ.പി നേതാവ്. ബാലസോർ മണ്ഡലത്തിൽ നിന്ന് സ്വതന്ത്ര സ്ഥാനാർഥിയായി മത്സരിക്കുമെന്ന് എം.എ ഖദ്ദേബേല സ്വയിൻ തിങ്കളാഴ്ച പ്രഖ്യാപിച്ചു.

മുൻ കേന്ദ്രമന്ത്രിയും സിറ്റിങ് എം.പിയുമായ പ്രതാപ് സാരംഗി വീണ്ടും മത്സരിപ്പിക്കാൻ തീരുമാനിച്ചതിനു പിന്നാലെയാണ് സ്വയിൻറെ നീക്കം. പ്രധാനമന്ത്രിയുടെ പേരിൽ പ്രചരണം നടത്തുമെന്നും ആരാണ് യഥാർഥ ബി.ജെ.പിയെന്ന് ജനം തീരുമാനിക്കട്ടെയെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു. താൻ ബി.ജെ.പി വിടില്ലെന്നും എന്നാൽ പാർട്ടിക്ക് തനിക്കെതിരെ നടപടിയെടുക്കാമെന്നും അദ്ദേഹം പറഞ്ഞു.തെരഞ്ഞെടുപ്പിൽ വിജയിച്ച ശേഷം ബി.ജെ.പിയിൽ ചേരുമെന്നും സ്വയിൻ ആത്മവിശ്വാസം പ്രകടിപ്പിച്ചു. ബിജെപിക്കുള്ളിലെ ഗൂഢാലോചനക്കാരുടെ സംഘമാണ് തനിക്ക് ടിക്കറ്റ് നിഷേധിച്ചതിന് ഉത്തരവാദികളെന്ന് മുൻ എം.പിയായ സ്വയിൻ ആരോപിച്ചു.

1998 മുതൽ 2009 വരെ ബാലസോർ മണ്ഡലത്തെ പ്രതിനിധീകരിച്ച നേതാവാണ് സ്വയിൻ. 2019 ലോക്സഭാ തെരഞ്ഞെടുപ്പിൽ കാണ്ധമാലിൽ നിന്ന് മത്സരിച്ചെങ്കിലും ബി.ജെ.ഡിയുടെ അച്യുതാനന്ദ സാമന്തയോട് പരാജയപ്പെട്ടു.അതേസമയം, താനൊരു പാർട്ടി പ്രവർത്തകനാണെന്നും അങ്ങനെ തന്നെ തുടരുമെന്നും ടിക്കറ്റ് നിഷേധിക്കപ്പെട്ട ബി.ജെ.പിയുടെ കാലാഹണ്ടി എംപി ബസന്ത് കുമാർ പാണ്ഡ പറഞ്ഞു. "പാർട്ടിയുടെ തീരുമാനത്തെ സ്വാഗതം ചെയ്യുന്നു, മാറ്റം സ്വാഭാവികമാണ്, നമ്മൾ അതിനെ മാനിക്കണം, പാർട്ടി എന്നെ ഏൽപ്പിച്ച കടമകൾ ഞാൻ നിർവഹിച്ചു"അദ്ദേഹം കൂട്ടിച്ചേർത്തു. ബി.ജെ.പി ടിക്കറ്റ് നിഷേധിച്ച ബർഗഡ് എം.പി സുരേഷ് പൂജാരി, മയൂർഭഞ്ച് എം.പി ബിഷേശ്വർ ടുഡു എന്നിവർ പ്രതികരിക്കാൻ വിസമ്മതിച്ചു. ടുഡു കേന്ദ്രമന്

മുംബൈ–ഗുജറാത്ത് മത്സരത്തിനിടെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ കൂട്ടത്തല്ല്

അഹമ്മദാബാദ്: ഐപിഎൽ 17ാം പതിപ്പിൽ മത്സര ഫിക്ചർ പുറത്ത് വിട്ടതു മുതൽ ആരാധകർ പ്രതീക്ഷയോടെ കാത്തിരുന്ന മത്സരമായിരുന്നു മുംബൈ-ഗുജറാത്ത് പോരാട്ടം. മുൻ ഗുജറാത്ത് ടൈറ്റൻസ് നായകനായ ഹാർദിക് പാണ്ഡ്യ മുംബൈ ഇന്ത്യൻസിലെത്തിയ ശേഷമുള്ള ആദ്യ അങ്കം. അതും ഗുജറാത്തിന്റെ ഹോം ഗ്രൗണ്ടിൽ. അപ്രതീക്ഷിത സംഭവങ്ങൾക്കാണ് നരേന്ദ്രമോദി സ്റ്റേഡിയം സാക്ഷ്യം വഹിച്ചത്. മുംബൈ ആരാധകർ തന്നെ ഹാർദിക്കിനെ കൂവി വിളിക്കുന്ന അപൂർവ്വ കാഴ്ചകൾക്കും ഈ ഐപിഎൽ മത്സരം സാക്ഷ്യംവഹിച്ചു. ഇപ്പോഴിതാ ഗ്യാലറിയിലെ മറ്റൊരു വീഡിയോ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നു.

ആരാധകർ തമ്മിലുള്ള സംഘർഷ വീഡിയോയാണ് പ്രചരിച്ചത്. രോഹിത് ശർമ -ഹാർദിക് പാണ്ഡ്യ ഫാൻസ് തമ്മിലുള്ള അടിയെന്നാണ് സമൂഹ മാധ്യമങ്ങളിൽ ഇതിന് വ്യാഖ്യാനം നൽകിയത്. മത്സരം നടക്കുന്നതിനിടെ പത്തോ അതിലധികമോ ആളുകൾ ചേർന്നാണ് പരസ്പരം മർദ്ദിക്കുന്നത്. ഈ സമയം ഇവരെ പിടിച്ചുമാറ്റാൻ പൊലീസോ മറ്റു സുരക്ഷാ ജീവനക്കാരോ ഇവിടെയുണ്ടായിരുന്നില്ല. എന്നാൽ ഇതിൻറെ കൂടുതൽ വിശദാംശങ്ങൾ എവിടെയും ലഭ്യമല്ല.

മത്സരത്തിൽ പല നാടകീയ സംഭവങ്ങളും അരങ്ങേറിയിരുന്നു. ഫീൽഡിങ്ങിൽ രോഹിത് ശർമ്മയെ ബൗണ്ടറി ലൈനിലേക്ക് പറഞ്ഞയക്കുന്ന പാണ്ഡ്യയുടെ ശൈലിയും വലിയ വിമർശനത്തിനാണ് ഇടയാക്കിയത്. ഇതിന് പുറമെ മത്സരത്തിൽ മുംബൈ തോൽക്കുകയും ചെയ്തു. കൈപിടിയിലൊതുങ്ങിയെന്ന് തോന്നിപ്പിച്ച കളിയാണ് അവസാന ഓവറിലെ ഗുജറാത്തിന്റെ കൃത്യമായ ബൗളിങ്ങിൽ നഷ്ടമായത്.

ആദ്യം ബാറ്റ് ചെയ്ത ഗുജറാത്ത് ടൈറ്റൻസ് 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 168 റൺസാണെടുത്തത്. മറുപടി ബാറ്റിങ്ങിൽ രോഹിത് ശർമ– ഡെവാൾഡ് ബ്രെവിസ് കൂട്ടുകെട്ടിൽ മുംബൈ മുന്നേറി.

13–ാം ഓവറിൽ രോഹിത് പുറത്താവുമ്പോൾ മുംബൈക്ക് അവസാന ഓവറിൽ ഏഴോവറിൽ ജയിക്കാൻ 60 റൺസ് മതിയായിരുന്നു. എന്നാൽ പിന്നീട് തുടർച്ചയായി വിക്കറ്റുകൾ നഷ്ടമായ മുംബൈ വീണ്ടും തോൽവിയോടെ ഐപിഎൽ പുതിയ സീസൺ തുടക്കമിട്ടു.

ബാറ്റിങ് വിരുന്നൊരുക്കി കോലി; ബെംഗളൂരുവിന് ത്രസിപ്പിക്കുന്ന ജയം

ബെംഗളൂരു: ചിന്നസ്വാമി സ്റ്റേഡിയത്തിൽ ആരാധകർ വിരാട് വിരാട് എന്ന് ആർത്തുവിളിച്ചത് വെറുതെയായില്ല. അതിനുള്ള മറുപടി കോലി നൽകുക തന്നെ ചെയ്തു.

ബാറ്റിൽ കവിതയെഴുതി കോലി മുന്നേറിയപ്പോൾ ടീമിന് അതേറ്റുപാടാതിരിക്കാനായില്ല. കോലിയുടെ തകർപ്പൻ ഇന്നിങ്സിന്റെ ബലത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിന് ജയം. സീസണിൽ രണ്ടാം മത്സരം കളിക്കുന്ന ബെംഗളൂരുവിന്റെ ആദ്യ ജയം ഹോം ഗ്രൗണ്ടിൽവെച്ചുതന്നെയായി. പഞ്ചാബിന് ആദ്യ തോൽവി രുചിക്കേണ്ടി വന്നു.

ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിങ്ങിനിറങ്ങിയ പഞ്ചാബ് നിശ്ചിത 20 ഓവറിൽ ആറു വിക്കറ്റ് നഷ്ടത്തിൽ 176 റൺസെടുത്തു. മറുപടിയായ ബെംഗളൂരു 19.2 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 178 റൺസെടുത്ത് വിജയിച്ചു. വിരാട് കോലിയുടെ (49 പന്തിൽ 77 റൺസ്) ഇന്നിങ്സാണ് ബെംഗളൂരുവിനെ തുണച്ചത്. അവസാന ഓവറുകളിൽ ദിനേഷ് കാർത്തിക്കും (10 പന്തിൽ 28) മഹിപാൽ ലാംററും (എട്ട് പന്തിൽ 17) ചേർന്ന് ബെംഗളൂരുവിന് വിജയം ഉറപ്പിക്കുകയായിരുന്നു.

മൂന്നാം ഓവറിൽ ക്യാപ്റ്റൻ ഫാഫ് ഡു പ്ലെസിസാണ് ബെംഗളൂരു നിരയിൽ ആദ്യം പുറത്തായത്. മൂന്ന് റൺസാണ് സമ്പാദ്യം. കഗിസോ റബാദയുടെ പന്തിൽ സാം കറൻ ക്യാച്ച് ചെയ്യുകയായിരുന്നു. അതേ റൺസ് തന്നെ നേടി കാമറൂൺ ഗ്രീൻ രണ്ടാമതായും മടങ്ങി. പിന്നീട് രജത് പാട്ടിദറും കോലിയും ചേർന്ന് 43 റൺസിന്റെ കൂട്ടുകെട്ട് പടുത്തുയർത്തി. 18 പന്തിൽ അത്രതന്നെ റൺസെടുത്ത് പാട്ടിദർ ഹർപ്രീത് ബ്രാറിന്റെ പന്തിൽ പുറത്തായി.

മൂന്ന് റൺസുമായി ഗ്ലെൻ മാക്സ്വെല്ലും 11 റൺസോടെ വിക്കറ്റ് കീപ്പർ അനുജ് റാവത്തും പുറത്തായപ്പോഴും പ്രതീക്ഷയുടെ തിരി കത്തിച്ച് കോലി ഒരു വശത്തുണ്ടായിരുന്നു. ഹർഷൽ പട്ടേൽ എറിഞ്ഞ പതിനാറാം ഓവറിലെ അവസാനത്തെ പന്തിൽ ഹർപ്രീത് ബ്രാറിന് ക്യാച്ച് നൽകി കോലി മടങ്ങിയതോടെ ടീം പരുങ്ങലിലായി. പക്ഷേ, പിന്നീട് മഹിപാൽ ലാംററും ദിനേഷ് കാർത്തിക്കും നടത്തിയ വെടിക്കെട്ടിൽ പഞ്ചാബ് ചാരമായി. പഞ്ചാബിനുവേണ്ടി കഗിസോ റബാദ, ഹർപ്രീത് ബ്രാർ എന്നിവർ രണ്ടും സാം കറൻ, ഹർഷൽ പട്ടേൽ എന്നിവർ ഓരോന്നും വിക്കറ്റു നേടി.

നേരത്തേ 37 പന്തിൽ 45 റൺസെടുത്ത ക്യാപ്റ്റൻ ശിഖർ ധവാനാണ് പഞ്ചാബിനായി കൂടുതൽ റൺസ് നേടിയത്. പതിഞ്ഞ തുടക്കമായിരുന്നു പഞ്ചാബിന്റേത്. പവർ പ്ലേയിൽ 40 റൺസേ നേടാൻ സാധിച്ചുള്ളൂ. മൂന്നാം ഓവറിൽ ജോണി ബെയർ സ്റ്റോയാണ് ആദ്യം മടങ്ങിയത്. മുഹമ്മദ് സിറാജിന്റെ പന്തിൽ കോലിക്ക് ക്യാച്ച് നൽകിയാണ് പുറത്തായത്. പിന്നാലെ ധവാനും പ്രഭ്സിമ്രാൻ സിങ്ങും ചേർന്ന് 55 റൺസിന്റെ കൂട്ടുകെട്ട് പടുത്തുയർത്തി. 17 പന്തിൽ 25 റൺസുമായി പ്രഭ്സിമ്രാനെ അനുജ് റാവത്തിന്റെ കൈകളിലേക്ക് നൽകി മാക്സ്വെൽ പറഞ്ഞയച്ചു.

തുടർന്നെത്തിയത് ലാം ലിവിങ്സ്റ്റൺ. കഴിഞ്ഞ കളിയിലെ ലിവിങ്സ്റ്റന്റെ അവസാന ഓവറുകളിലെ വമ്പൻ അടി പ്രതീക്ഷിച്ചാണ് ബാറ്റിങ് ഓർഡറിൽ മുകളിലേക്ക് പരീക്ഷിച്ചതെങ്കിലും വിജയിച്ചില്ല. 13 പന്തിൽ 17 റൺസെടുത്ത് മടങ്ങി. അനുജ് റാവത്തിന് ക്യാച്ച് തൊട്ടുപിന്നാലെ ശിഖർ ധവാനും പുറത്തായി. ഒരു സിക്സും അഞ്ച് ഫോറുമുൾപ്പെടെയാണ് ധവാന്റെ സ്കോർ.

തുടർന്ന് സാം കറൻ (17 പന്തിൽ 23), വിക്കറ്റ് കീപ്പർ ജിതേഷ് ശർമ (20 പന്തിൽ 27), ഹർപ്രീത് ബ്രാർ (പൂജ്യം) എന്നിവരും പുറത്തായി. അൽസാരി ജോസഫ് എറിഞ്ഞ അവസാന ഓവറിൽ ശശാങ്ക് സിങ് രണ്ട് സിക്സും ഒരു ഫോറും ഉൾപ്പെടെ നേടിയ 17 റൺസാണ് ടീമിനെ 175 കടത്തിയത്. ശശാങ്ക് എട്ട് പന്തിൽ 21 റൺസ് നേടി പുറത്താവാതെ നിന്നു. ബെംഗളൂരുവിനായി നാലോവറിൽ 26 റൺസ് വിട്ടുനൽകി സിറാജ് രണ്ട് വിക്കറ്റ് നേടി. മൂന്നോവറിൽ 29 റൺസ് വഴങ്ങി മാക്സ്വെല്ലും രണ്ട് വിക്കറ്റ് നേടി. യഷ് ദയാലിനും അൽസാരി ജോസഫിനുമാണ് ശേഷിച്ച വിക്കറ്റുകൾ.

ധോണിക്ക് കിരീടവുമായി വിരമിക്കാൻ ആകും എന്ന് സ്റ്റൈറിസ്

മഹേന്ദ്ര സിങ് ധോണിക്ക് കിരീടവുമായി വിരമിക്കാൻ ആകും എന്ന് സ്കോട്ട് സ്റ്റൈറിസ്. മെയ് 26ന് ചെന്നൈയിലെ ചെപ്പോക്കിൽ വെച്ച് ആണ് ഇത്തവണ ഫൈനൽ നടക്കുന്നത്. ഈ ഫൈനലിൽ ചെന്നൈ സൂപ്പർ കിംഗ്സ് കളിക്കും എന്നും കിരീടം നേടും എന്നും മുൻ ന്യൂസിലൻഡ് ഓൾറൗണ്ടർ സ്കോട്ട് സ്റ്റൈറിസ് വിശ്വസിക്കുന്നു.

ഇന്ത്യൻ ക്രിക്കറ്റ് ആരാധകരുടെ എല്ലാ കണ്ണുകളും ഈ സീസണിലെ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന അവസാന മത്സരത്തിലായിരിക്കും.. ഈ വർഷം സിഎസ്കെയ്ക്കൊപ്പം ആറാമത്തെ ഐപിഎൽ ട്രോഫി നേടുന്നതിലൂടെ, തന്റെ കരിയറിന് വിജയകരമായ അന്ത്യം കുറിക്കാൻ എംഎസ് ധോണിക്ക് ആകും സ്റ്റൈറിസ് പറഞ്ഞു.

"ആദ്യ മത്സരത്തിൽ ചെന്നൈ ആരംഭിച്ച രീതി വളരെ മികച്ചതാണ് വന്ന പുതിയ കളിക്കാർ എല്ലാം നല്ല സംഭാവനകൾ നൽകി. സിഎസ്കെയുടെ കരുത്ത് ഒരിക്കലും ഒന്നോ രണ്ടോ ആൾക്കാർ അല്ല" സ്റ്റൈറിസ് കൂട്ടിച്ചേർത്തു.

'എനിക്കിപ്പോഴും നന്നായി ടി20 കളിക്കാനറിയാം'; പീറ്റേഴ്സൻറെ ഒളിയമ്പിന് കോഹ്ലിയുടെ മറുപടി

കഴിഞ്ഞ ദിവസം പഞ്ചാബ് കിങ്സിനെതിരെ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു ആവേശ ജയം കുറിക്കുമ്പോൾ ആർ.സി.ബി യുടെ നെടുംതൂണായത് വിരാട് കോഹ്ലിയാണ്. ഒരറ്റത്ത് വിക്കറ്റുകൾ വീണു കൊണ്ടേയിരുന്നപ്പോഴും ക്രീസിൽ ഒരു വന്മരമായി നിലയുറപ്പിച്ചു കോഹ്ലി. 49 പന്തിൽ 11 ഫോറും ഒരു സിക്സുമടക്കം 77 റൺസെടുത്ത കോഹ്ലി തന്നെയായിരുന്നു കളിയിലെ താരവും. ഇതോടെ ഐ.പി.എല്ലിലെ റൺവേട്ടക്കാർക്കുള്ള ഓറഞ്ച് ക്യാപ്പും കോഹ്ലിയുടെ തലയിലായി. ഓറഞ്ച് ക്യാപ് സ്വീകരിച്ച ശേഷം കോഹ്ലി മനസ്സ് തുറന്നു."ആരാധകരോടാണ്, നിങ്ങൾ അമിതാവേശം കൊള്ളരുത്. വെറും രണ്ട് മത്സരമേ കഴിഞ്ഞിട്ടുള്ളൂ. ഈ തൊപ്പി കൊണ്ട് എന്താണർഥമാക്കുന്നത് എന്ന് എനിക്ക് നന്നായറിയാം. എല്ലാത്തിനുമൊടുവിൽ പുരസ്കാരങ്ങളും നേട്ടങ്ങളുമൊന്നും അവശേഷിക്കില്ല. നിങ്ങളുടെ സ്നേഹവും ഈ ഓർമകളും മാത്രമേ ബാക്കിയുണ്ടാവൂ"– കോഹ്ലി പറഞ്ഞു.ടി20 ലോകകപ്പ് അടുത്ത് കൊണ്ടിരിക്കേ കോഹ്ലി ഇന്ത്യൻ ടീമിലുണ്ടാവുമോ എന്ന ചർച്ചകൾ സജീവമാവുകയാണ്. ഇതിനിടെ കഴിഞ്ഞ ദിവസം പീറ്റേഴ്സൺ നടത്തിയൊരു പരാമർശം വലിയ ചർച്ചയായിരുന്നു. ടി20 ക്രിക്കറ്റിന്റെ പ്രചാരണത്തിന് മാത്രമായാണ് കോഹ്ലിയുടെ പേരിനെ ഉപയോഗിക്കുന്നത് എന്നായിരുന്നു പീറ്റേഴ്സന്റെ കമന്റ്. ഗുജറാത്ത് മുംബൈ മത്സരത്തിൽ കമന്ററി ബോക്സിലിരുന്നായിരുന്നു പീറ്റേഴ്സന്റെ പ്രതികരണം. രവി ശാസ്ത്രി അപ്പോൾ തന്നെ അതിന് മറുപടി നൽകിയിരുന്നു. ടൂർണമെന്റ് ജയിക്കണമെങ്കിൽ നല്ല ടീമിനെ ഉണ്ടാക്കണം. കളി മറ്റേതെങ്കിലും രീതിയിൽ വളർത്തിയിട്ട് കാര്യമില്ല. മനോഹരമായി കളിച്ച് നിങ്ങൾ ജയിക്കുകയാണെങ്കിൽ ക്രിക്കറ്റ് സ്വാഭാവികമായി വളരുമെന്നായിരുന്നു ശാസ്ത്രിയുടെ പ്രതികരണം.ഈ ചർച്ചയോട് കോഹ്ലിയുടെ പ്രതികരിച്ചത് ഇങ്ങനെ. "ലോകത്തിന്റെ പല ഭാഗങ്ങളിൽ ടി20 ക്രിക്കറ്റിനെ പ്രചരിപ്പിക്കാൻ മാത്രമാണ് എന്റെ പേരിനെ ഉപയോഗിക്കുന്നത് എന്ന് എനിക്കറിയാം. എന്നാൽ നിങ്ങൾ ഒരു കാര്യം മനസ്സിലാക്കുന്നത് നന്നാവും. എനിക്കിപ്പോഴും മനോഹരമായി ടി20 ക്രിക്കറ്റ് കളിക്കാൻ ശേഷിയുണ്ട്"

ലോകകപ്പ് യോഗ്യത, ഇന്ന് ഇന്ത്യ വീണ്ടും അഫ്ഗാനിസ്താന് എതിരെ, ജയിച്ചേ പറ്റൂ

ഇന്ത്യ ഇന്ന് നിർണായകമായ ഫിഫ ലോകകപ്പ് രണ്ടാം റൗണ്ട് യോഗ്യത പോരാട്ടത്തിൽ അഫ്ഗാനിസ്ഥാനെ നേരിടും. ഗുവാഹത്തി ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ വച്ച് നടക്കുന്ന മത്സരത്തിൽ ഇന്ത്യക്ക് ഇന്ന് വിജയിച്ചേ പറ്റൂ. രണ്ടുദിവസം മുന്നേ സൗദി അറേബ്യയിൽ വച്ച് നടന്ന അഫ്ഗാന്റെ ഹോം പോരാട്ടത്തിൽ ഇന്ത്യ സമനില വഴങ്ങിയിരുന്നു. ആ ഫലം തന്നെ ഇന്ത്യക്ക് വലിയ നിരാശയാണ് നൽകിയിരുന്നത്.

യോഗ്യത റൗണ്ടിന്റെ മൂന്നാം ഘട്ടത്തിലേക്ക് കടക്കണം എന്ന് ഇന്ത്യ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഇന്ന് അവർക്ക് വിജയം നിർബന്ധമാണ്. ഇപ്പോൾ ഇന്ത്യ നാലു പോയിന്റുമായി ഗ്രൂപ്പിൽ രണ്ടാം സ്ഥാനത്ത് നിൽക്കുകയാണ്. എങ്കിലും അടുത്ത രണ്ടു മത്സരങ്ങളും ഇന്ത്യക്ക് എത്ര എളുപ്പമല്ല. അതുകൊണ്ട് ഇന്ന് വിജയം ഇന്ത്യക്ക് നിർബന്ധമാണ്.

സൗദിയിൽ നടന്ന മത്സരം ഗോൾ രഹിതമായായിരുന്നു അവസാനിച്ചത്. ഗോളടി തന്നെയാണ് ഇന്ത്യയുടെ പ്രധാന പ്രശ്നം. ഇന്ത്യ അവസാനം 5 മത്സരങ്ങളിൽ ഗോളടിച്ചില്ല. ഇന്ത്യയുടെ പ്രധാന ഗോൾപ്രതീക്ഷ സുനിൽ ഛേത്രി ആകട്ടെ അവസാന 7 മത്സരങ്ങളിൽ ഇന്ത്യക്കായി ഗോൾ നേടിയിട്ടില്ല. ഇത് പരിഹരിക്കുക ആകും ഇഗോർ സ്റ്റിമാചിന്റെ വലിയ തലവേദന. ഇന്ന് നടക്കുന്ന മത്സരത്തിൽ ആദ്യ ഇലവനിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുമെന്ന് സ്റ്റിമാച് പറഞ്ഞിട്ടുണ്ട്.

ഛേത്രി ഇന്ന് ഇന്ത്യക്കായി തന്റെ 150ആം മത്സരത്തിനാണ് ഇറങ്ങുന്നത്. ഈ നാഴികക്കല്ല് ഗോളുമായി ഛേത്രി ആഘോഷിക്കും എന്നാണ് ഇന്ത്യൻ ആരാധകരുടെ പ്രതീക്ഷ. ഇന്ന് വിജയിച്ചാൽ ഇന്ത്യയുടെ 3ആം റൗണ്ട് യോഗ്യത ഏതാണ്ട് ഉറപ്പാകും. ഇന്ന് രാത്രി 7 മണിക്കാണ് മത്സരം നടക്കുന്നത്.

മത്സരം ജിയോ സിനിമയിലും സ്പോർട്സ് 18ലും തൽസമയം കാണാനാകും. മലയാളി താരം സഹൽ അബ്ദുൽ സമദ് പരിക്ക് കാരണം ഇന്നത്തെ മത്സരത്തിലും കളിക്കില്ല.

ക്രിക്കറ്റ് വാതുവെപ്പ്; എഞ്ചിനീയർക്ക് നഷ്ടമായത് കോടികൾ, ഭാര്യ ജീവനൊടുക്കി

ബംഗളൂരു: ഓൺലൈൻ ക്രിക്കറ്റ് വാതുവെപ്പ് നടത്തി കോടികൾ കടക്കെണിയിലായ യുവാവിന്റെ ഭാര്യ ആത്മഹത്യ ചെയ്ത നിലയിൽ. പലരിൽ നിന്നും പണം കടം വാങ്ങിയാണ് വാതുവെപ്പ് നടത്തിയത്. ഭർത്താവിന് പണം കടം നൽകിയവരുടെ ഭീഷണിയെത്തുടർന്നാണ് ഇവർ ആത്മഹത്യ ചെയ്തതെന്നാണ് ആത്മഹത്യാ കുറിപ്പിൽ പറയുന്നത്.

സംസ്ഥാന ചെറുകിട ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ദർശൻ ബാലുവിനാണ് വാതുവെപ്പിൽ പങ്കാളിയായി ഒന്നര കോടിയോളം രൂപ നഷ്ടമായത് അകാലിദളുമായി സഖ്യമില്ല;

ചിത്രദുർഗയിലെ ഹൊസദുർഗയിൽ സംസ്ഥാന ചെറുകിട ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ദർശൻ ബാലുവിനാണ് വാതുവെപ്പിൽ പങ്കാളിയായി ഒന്നര കോടിയോളം രൂപ നഷ്ടമായത്. പണം തിരികെ നൽകാത്തതിൽ കുടുംബത്തെ അപകീർത്തിപ്പെടുത്തുമെന്ന് കടം നൽകിയവർ ഭീഷണിപ്പെടുത്തിയിരുന്നു. ഹോളൽകെരെ സ്വദേശിയായ ദർശൻ ബാലുവിന്റെ ഭാര്യ രഞ്ജിത വി (24) മാർച്ച് 19 ന് കിടപ്പുമുറിയിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. ദർശന് പണം കടം നൽകിയ 13 പേർക്കെതിരെ അവളുടെ പിതാവ് വെങ്കിടേഷ് പരാതി നൽകിയിട്ടുണ്ട്.

താനും ഭർത്താവും പണമിടപാടുകാരിൽ നിന്ന് നേരിട്ട പീഡനത്തെ കുറിച്ച് വിവരിക്കുന്ന ആത്മഹത്യാ കുറിപ്പ് കണ്ടെത്തിയിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ, 13 പ്രതികൾക്കെതിരെ ആത്മഹത്യാ പ്രേരണയ്ക്ക് കേസെടുത്തു. മൂന്ന് പേരെ അറസ്റ്റ് ചെയ്തു. ദർശനും രഞ്ജിതയ്ക്കും രണ്ട് വയസ്സുള്ള ഒരു മകനുണ്ട്.എളുപ്പത്തിൽ പണക്കാരനാകാമെന്ന് വിശ്വസിപ്പിച്ച് ദർശനെ വാതുവെപ്പിൽ ഉൾപ്പെടുത്തുകയായിരുന്നുവെന്നാണ് ദർശന്റെ പിതാവ് പറയുന്നത്. ആദ്യം സമ്മതിക്കാതിരുന്ന മകനെ അവർ നിർബന്ധിച്ച് ചതിയിൽപ്പെടുത്തുകയായിരുന്നുവെന്നും പിതാവ് പറഞ്ഞു.

വാക്കു പാലിച്ച് ആനന്ദ് മഹീന്ദ്ര; സർഫറാസ് ഖാൻറെ പിതാവിന് ഥാർ സമ്മാനിച്ചു

ഇന്ത്യൻ താരം സർഫറാസ് ഖാന്റെ പിതാവ് നൗഷാദ് ഖാന് ഥാർ സമ്മാനിച്ച് മഹീന്ദ്ര ഗ്രൂപ്പ് സർഫറാസ് ഖാന്റെ ടെസ്റ്റ് അരങ്ങേറ്റത്തിന് പിറകേ നൗഷാദിന് ഥാർ സമ്മാനിക്കുമെന്ന് ആനന്ദ് മഹീന്ദ്ര പ്രഖ്യാപിച്ചിരുന്നു. സർഫറാസ് ഖാന്റെ നേട്ടങ്ങൾക്ക് പിറകിലേ ചാലകശക്തിയായി വർത്തിച്ച നൗഷാദിന് മഹീന്ദ്ര നൽകിയ ആദരത്തെ കയ്യടികളോടെയാണ് ആരാധകർ വരവേൽക്കുന്നത്.

ഇന്ത്യൻ ടീമിൽ സർഫറാസ് ഖാൻറെ അരങ്ങേറ്റത്തിന് ശേഷമാണ് നൗഷാദ് ഖാൻറെ പേര് വാർത്തകളിൽ നിറയുന്നത്. ഇംഗ്ലണ്ടിനെതിരായ മൂന്നാം ടെസ്റ്റിന് തൊട്ടു മുൻപായി സർഫറാസ് ഖാന് ഇന്ത്യൻ മുൻ താരം അനിൽകുമ്ബ്ലെ ടീം ക്യാപ് സമ്മാനിക്കുമ്പോൾ തൊട്ടരികിലായി ആനന്ദാശ്രുപൊഴിക്കുകയായിരുന്നു നൗഷാദ് ഖാൻ. ദീർഘകാലത്തെ സ്വപ്ന സാക്ഷാത്കാരമായി ദേശീയ ടീമിലേക്ക് മകനെ സഹ താരങ്ങൾ കൈയടികളോടെ സ്വാഗതം ചെയ്യുമ്പോൾ പിതാവിന് അത് അഭിമാന നിമിഷമായിരുന്നു. നൗഷാദ് ഖാനാണ് സർഫറാസിന് ക്രിക്കറ്റിന്റെ ബാലപാഠങ്ങൾ പകർന്നു നൽകിയത്.

ക്യാപ് സ്വീകരിച്ച ശേഷം പിതാവിന്റെ അടുത്തേക്ക് ഓടിയെത്തി സർഫറാസ് ക്യാപ് കൈമാറി. ക്യാപ് കൈയിലെടുത്ത് നൗഷാദ് ഇന്ത്യൻ ബാഡ്ജിൽ മുത്തമിട്ടു. രാജ്കോട്ട് നിരഞ്ജൻ ഷാ സ്റ്റേഡിയത്തിലുള്ളവരെല്ലാം വികാരഭരിതമായാണ് ഈ കാഴ്ചകൾ വീക്ഷിച്ചത്. ആദ്യ ടെസ്റ്റിൽ കെ.എൽ രാഹുലിന് പരിക്കേറ്റ തോടെയാണ് 26 കാരന് ഇന്ത്യൻ ടീമിലേക്കുള്ള വിളിയെത്തിയത്. ആഭ്യന്തര ക്രിക്കറ്റിൽ തുടരെ സെഞ്ചുറികൾ നേടി ഉജ്ജ്വല ഫോമിൽ കളിച്ചിട്ടും താരത്തെ ഇന്ത്യൻ ടീമിലേക്ക് പരിഗണിച്ചിരുന്നില്ല. എന്നാൽ ഇംഗ്ലണ്ട് പര്യടനത്തിനിടെ അപ്രതീക്ഷിതമായാണ് വിളിയെത്തിയത്. തൻറെ അരങ്ങേറ്റം ഗംഭീരമാക്കിയ സർഫറാസ് മൂന്നാം ടെസ്റ്റിലെ രണ്ട് ഇന്നിങ്സുകളിലും അർധ സെഞ്ചറി കുറിച്ച് ഇന്ത്യൻ വിജയത്തിൻറെ നെടുംതൂണായി.

നൗഷാദിൻറെ പിന്തുണയാണ് സർഫറാസിൻറെ നേട്ടങ്ങൾക്ക് പിന്നിലെന്ന് അടുത്തിടെ ഇന്ത്യൻ നായകൻ രോഹിത് ശർമയും പറഞ്ഞിരുന്നു. നൗഷാദിനൊപ്പം താൻ മുമ്ബ് കളിച്ചിട്ടുണ്ടെന്നും ആ ടെസ്റ്റ് ക്യാപ് അദ്ദേഹത്തിന് കൂടി അവകാശപ്പെട്ടതാണെന്നും രോഹിത് കൂട്ടിച്ചേർത്തു.

'സർഫറാസിന്റെ പിതാവ് ഒരു ഇടങ്കയ്യൻ ബാറ്ററായിരുന്നു. ഏറെ ആക്രമണോത്സുകമായാണ് അദ്ദേഹം ബാറ്റ് വീശാറുണ്ടായിരുന്നത്. മുംബൈയിലെ ക്രിക്കറ്റ് സർക്കിളിൽ സുപരിചിതമായ പേരായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ കഠിനാധ്വാനവും പിന്തുണയുമൊക്കെ സർഫറാസിന്റെ വിജയത്തിന് പിറകിലെ ചാലക ശക്തിയാണ്. അത് കൊണ്ട് തന്നെ എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. ഈ ടെസ്റ്റ് ക്യാപ് നിങ്ങൾക്ക് കൂടി അവകാശപ്പെട്ടതാണ്'– രോഹിത് പറഞ്ഞു.

'വംശീയ വാദികൾ എൻറെ മുഖം കണ്ട് കൊണ്ടിരിക്കട്ടെ'; പത്ര സമ്മേളനത്തിനിടെ പൊട്ടിക്കരഞ്ഞ് വിനീഷ്യസ് ജൂനിയർ

പത്രസമ്മേളനത്തിനിടെ വംശീയതയെക്കുറിച്ച ചോദ്യങ്ങളോട് വികാരാധീതനായി റയൽ മാഡ്രിഡിൻറെ ബ്രസീലിയൻ സൂപ്പർ താരം വിനീഷ്യസ് ജൂനിയർ. സ്പെയിനുമായുള്ള ബ്രസീലിൻറെ സൗഹൃദ മത്സരത്തിന് മുന്നോടിയായി നടത്തിയ പത്രസമ്മേളനത്തിലാണ് വിനീഷ്യസ് താൻ നേരിട്ട വംശീയ അധിക്ഷേപങ്ങളെക്കുറിച്ച് മനസ്സ് തുറന്നത്. തനിക്ക് ഇനിയുമേറെ കാലം ഫുട്ബോൾ കളിക്കണമെന്നും എന്നാൽ ഈ അന്തരീക്ഷത്തിൽ അതേറെ പ്രയാസമാണെന്നും അദ്ദേഹം പറഞ്ഞു.

"എനിക്ക് ഫുട്ബോൾ കളിക്കണം, പക്ഷേ മുന്നോട്ട് പോകാൻ പ്രയാസമാണ്.സ്പെയിൻ വിടുന്നതിനെ പറ്റി ഞാനൊരിക്കലും ചിന്തിച്ചിട്ടില്ല. ഞാനീ രാജ്യം വിട്ടാൽ വംശീയവാദികൾ അവർ ആഗ്രഹിക്കുന്നത് നേടിയതിന് തുല്യമാകും. ഞാൻ ഇവിടെ തന്നെയുണ്ടാവും. അവർ എന്റെ മുഖം കണ്ട് കൊണ്ടേയിരിക്കട്ടെ. അതവരെ വിറളി പിടിപ്പിക്കട്ടെ. ചിലർ ഗ്രൗണ്ടിലേക്ക് പോകുന്നത് തന്നെ കളിക്കാരോടുള്ള തങ്ങളുടെ അമർഷം രേഖപ്പെടുത്താനാണ്. ആരെയെങ്കിലും അത് വേദനിപ്പിക്കുന്നുണ്ടെന്ന് തോന്നിയാൽ കുറച്ച് കൂടി രൂക്ഷമായി അതവർ തുടരും. അത്തരക്കാരെ മൈതാനത്ത് പ്രവേശിപ്പിക്കരുത്. കാരണം ഇത്തരം കാര്യങ്ങൾ കായികലോകത്തിന് തന്നെ അപമാനമാണ്"– വിനീഷ്യസ് പറഞ്ഞു.

പത്തിലേറെ തവണ സ്പെയിനിലെ മൈതാനങ്ങളിൽ വച്ച് വിനീഷ്യസ് വംശീയാധിക്ഷേപങ്ങൾക്ക് ഇരയായിട്ടുണ്ട്. രണ്ട് സീസണുകൾക്ക് മുമ്പ് വലൻസിയയ്ക്കെതിരായ റയലിന്റെ തോൽവിക്കു പിന്നാലെയാണ് വിനീഷ്യസ് കടുത്ത വംശീയാധിക്ഷേപം നേരിട്ത്. കുരങ്ങുവിളി മുതൽ അറപ്പളവാക്കുന്ന പരാമർശങ്ങളുമായാണ് വലൻസിയ ആരാധകർ താരത്തെ വരവേറ്റത്. മത്സരശേഷം കരഞ്ഞുകൊണ്ടാണ് വിനീഷ്യസ് കളംവിട്ടത്.

2023 ജനുവരിയിൽ കോപ്പ ഡെൽ റേ ക്വാർട്ടർ പോരാട്ടത്തിന് മുമ്പ് മാഡ്രിഡ് നഗരത്തിലെ ഒരു പാലത്തിൽ "മാഡ്രിഡ് റയലിനെ വെറുക്കുന്നു" എന്നെഴുതിയിട്ട ശേഷം അത്‌ലറ്റിക്കോ ആരാധകർ വിനീഷ്യസിൻറെ കോലം തൂക്കിയിട്ടു. ഇതിന് കളിക്കളത്തിലാണ് വിനീഷ്യസ് പ്രതികാരം ചെയ്തത്. കോപ്പ ഡെൽറേ ക്വാർട്ടറിൽ വിനീഷ്യസിൻറെ പടയോട്ടങ്ങൾക്ക് മുന്നിൽ അത്‌ലറ്റിക്കോ മാഡ്രിഡ് തകർന്നടിഞ്ഞു. ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് അത്‌ലറ്റിക്കോ പരാജയപ്പെടുമ്പോൾ ഒരു ഗോൾ വിനീഷ്യസിൻറെ ബൂട്ടിൽ നിന്